# ജാമക്കാരൻ
# JAMAKKARAN

**VOLUME - 4** **Reg NO.TNBIL/2016/70171** **ISSUE -3**

**MARCH - 2020 TAMIL & MALAYALAM**

**ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=**

**(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).**

**ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).**

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com



**കർത്താവിന്റെ കൃപയാൽ എനിക്കു ലഭിച്ച സ്നേഹമുള്ള വായനക്കാർക്ക്,**

നിങ്ങൾക്ക് കൃപയും സമാധാനവും വർദ്ധിച്ചു വരുമാറാകട്ടെ. പുതിയ വർഷം തുടങ്ങി 2 മാസം കഴിഞ്ഞു. പുതിയ വർഷത്തിന്റെ ആത്മീയ തീരുമാനങ്ങളെ ഒരു പേപ്പറിൽ എഴുതി വച്ച് ഓരോ ദിവസവും നിങ്ങൾ ഒറ്റയ്ക്ക് പ്രാർത്ഥിക്കുമ്പോൾ എഴുതിവച്ച തീരുമാനങ്ങളിൽ എത്ര തീരുമാനങ്ങളെ നിറവേറ്റിക്കഴിഞ്ഞു എന്ന് നിങ്ങൾ നിങ്ങളെത്തന്നെ പരിശോധിച്ചു നോക്കുവിൻ. നിറവേറ്റാൻ മറന്നുപോയ തീരുമാനങ്ങൾക്ക് വേണ്ടി ദൈവത്തോട് മാപ്പ് ചോദിച്ച് എങ്ങനെ എങ്കിലും സമയം എടുത്ത് തീരുമാനങ്ങളെ ഓരോന്നായി നിറവേറ്റുക. ദിവസേന ഈ പരിശോധന തുടർന്നുകൊണ്ടിരുന്നാൽ സ്ഥിരതയുള്ള ആത്മീയരായി ജീവിക്കാൻ കഴിയും.

അങ്ങനെയാണെങ്കിൽ ദിവസേന മാനസാന്തരപ്പെടേണമോ? എന്ന് ചിലർ ചോദിക്കാം. അതേ; എന്നതാണ് അതിന്റെ ഉത്തരം. ഒരു പ്രാവശ്യം മാർട്ടിൻ ലൂതറിനോട് ഒരാൾ വന്ന് ചോദിച്ചു; രക്ഷ പ്രാപിക്കുന്നത് ഒരു പ്രാവശ്യം എന്നുവച്ചാൽ മാനസാന്തരപ്പെടുന്നതും ഒരു പ്രാവശ്യം മതിയാകില്ലെ?

ജാമക്കാരൻ JAMAKKARAN

# MARCH - 2020

അതിന് മാർട്ടിൻ ലൂതർ ഉത്തരം പറഞ്ഞതെന്തെന്നാൽ രക്ഷ പ്രാപിക്കുന്നത് മനുഷ്യൻ ഒരു പ്രാവശ്യം മാത്രമാണ്. എന്നാൽ മാനസാന്തരം എന്നത് ഒരു ദിവസത്തിൽ പല പ്രാവശ്യം സംഭവിക്കുന്ന അനുഭവമാണ്. കാരണം ഒരേ ദിവസവും നാം പല വിധത്തിൽ തെറ്റുകൾ ചെയ്യുന്നു. പല പ്രാവശ്യം ദൈവത്തിന്റെ ഹൃദയത്തെ വേദനിപ്പിക്കുന്നു. വാക്കുകൊണ്ടും പ്രവർത്തികൊണ്ടും, കാഴ്ചയിലും, ചിന്തയിലും തെറ്റുകൾ ചെയ്തുപോകുന്നു. ഒരു പക്ഷെ വ്യഭിചാരം പോലുള്ള വലിയ പാപങ്ങൾ ചെയ്യുന്നില്ലങ്കിലും മേലേ പറഞ്ഞിട്ടുള്ള വിഷയങ്ങളിൽ തെറ്റുകൾ സംഭവിക്കുന്നു. അത് ദൈവത്തിന്റെ ഹൃദയത്തെ വേദനിപ്പിക്കുന്നു. അതുകൊണ്ട് പെട്ടന്നു തന്നെ മനസാക്ഷിയിൽ കുത്തപ്പെട്ട് ദൈവത്തോട് ക്ഷമ ചോദിച്ച് നേരയാക്കി മാനസാന്തരപ്പെടണം എന്നു പറഞ്ഞു.

ഇത് ഒരു വിശ്വാസിയുടെ സ്ഥിരമായ ആത്മീയ ജീവിതത്തിന് ആവശ്യമായ ഒരു ആലോചനയാകുന്നു. അതുകൊണ്ടാണ് ദാവീദ് ദൈവമേ സ്ഥിരമായ ആത്മാവിനെ എനിക്ക് തരേണമേ എന്ന് യാചിക്കുന്നത്.

2020 ജനുവരിമാസ ജാമക്കാരനിൽ പേജ് നമ്പർ 9 മുതൽ എത്ര ദൈവദാസൻമാർ, സഭാനേതാക്കൻമാർ, ബിഷപ്പുമാർ ഇവരുടെ വെറുപ്പിനു ഞാൻ ആളായി എന്നത് കുറച്ചുമാത്രം പട്ടികയിട്ട് എഴുതിയത് വായിച്ച പലരുടെ മനസ്സും വളരെയധികം വേദനിച്ചുപോയതായി എനിയ്ക്ക് എഴുതിയറിയിച്ചതും, നേരിട്ട് ഫോൺ ചെയ്ത് സംസാരിച്ചതും കേട്ടപ്പോൾ ഞാൻ ദൈവത്തെ സ്തുതിച്ചു. എന്നെ സ്നേഹിക്കുന്ന ആയിരക്കണക്കിന് ഹൃദയങ്ങളെ ദൈവം എന്റെ ശുശ്രൂഷയ്ക്ക് ഒരുക്കിയത് ഓർത്തപ്പോൾ എന്റെ മനസിന്റെ ഭാരം കുറഞ്ഞുപോയി. മറ്റുള്ളവരുടെ വെറുപ്പ് അവർ കാണിച്ച സ്നഹത്തിന് മുമ്പിൽ എരിഞ്ഞ് കരിഞ്ഞ് ചാമ്പലായി പോയി.

കർത്താവ് ഓരോ വായനക്കാരേയും സമ്പൂർണ്ണമായി അനുഗ്രഹിച്ച് അവന്റെ വരവ് വരെ വീഴാതെവണ്ണം കാത്തുസൂക്ഷിച്ച് സ്ഥിരമായ ആത്മാവിനെ തന്ന് വഴിനടത്തുമാറാകട്ടെ. ആമേൻ

തുടർന്ന് നിങ്ങൾക്കായി ഞാൻ പ്രാർത്ഥിക്കും

ഡോ. **പുഷ്പരാജ്**

# പൗരത്വ ഭേദഗതി നിയമമാണോ? പൗരത്വ നിഷേധനിയമമാണോ?

**പൗരത്വഭേദഗതി നിയമം എന്നാലെന്ത്?** അതിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ എന്ത്? എന്തുകൊണ്ട് **ജനങ്ങൾ അത് എതിർക്കുന്നു.** കുറച്ചുപേർ അതിനെ **അംഗീകരിക്കുന്നു** (അനുകൂലിക്കുന്നു). ഇതേകുറിച്ച് ഓരോന്നായി നമുക്ക് ചിന്തിക്കാം.

**പൗരത്വഭേദഗതി** നിയമത്തിൽ പല **തിരുത്തലുകൾ ഉണ്ടായിട്ടുണ്ട്.** എന്തെന്നാൽ നിയമ വിരുദ്ധമായി **വിദേശങ്ങളിൽ** നിന്നും **അതിർത്തി പ്രദേശങ്ങളിൽ** നിന്നും വന്നവർക്ക് **പൗരത്വം കൊടുക്കപ്പെടും.** ആ പൗരത്വം എങ്ങനെയുള്ള ജനങ്ങൾക്ക് ലഭിക്കും? അവർ **ഹിന്ദുക്കൾ, സിക്കുമതക്കാർ, ബുദ്ധമതക്കാർ, ജൈനമതക്കാർ, പാഴ്സികൾ, ക്രിസ്ത്യാനികൾ** എന്നിങ്ങനെയുള്ളവരായിരിക്കണം. **പ്രത്യേകിച്ച്** അവർ **അഫ്ഗാനിസ്ഥാൻ, ബംഗ്ലാദേശ്, പാക്കിസ്ഥാൻ** പോലുള്ള നാടുകളിൽ നിന്നും വന്നവരായിരിക്കണം. അവർ ഡിസംബർ 2014–ന് മുമ്പ് നമ്മുടെ ഇന്ത്യാ രാജ്യത്തിനുള്ളിലേയ്ക്ക് വന്നിരിക്കണം. ഇതാണ് സമീപകാലത്ത് നടന്ന **സമരത്തിന് ശേഷം** നിറവേറ്റപ്പെട്ട പുതിയ **പൗരത്വഭേദഗതി തിരുത്തൽ നിയമത്തിന്റെ ചുരുക്കം.** ആദ്യം ഇത് അനുകൂലിക്കുന്നവരുടെ വാദം എന്തെന്ന് നോക്കാം!

1947–ൽ ഇന്ത്യയിൽ നിന്നും **പാക്കിസ്ഥാൻ** പിരിക്കപ്പെട്ടപ്പോൾ ആയിരക്കണക്കിന് **ഹിന്ദുക്കൾ പാക്കിസ്ഥാനിൽ കൊല്ലപ്പെട്ട്** അവരുടെ **മൃതദേഹങ്ങൾ** അവിടെ നിന്നും ഇന്ത്യയിലേക്ക് അയച്ചു. പല സമരങ്ങൾക്കുശേഷം 1950–ൽ മരണമടഞ്ഞ മുൻ **പ്രധാനമന്ത്രി നെഹ്റുവും,** പാക്കിസ്ഥാനും ഒരു കരാർ ഉണ്ടാക്കി. അതായത് **പാക്കിസ്ഥാനിലുള്ള ന്യൂനപക്ഷക്കാർക്ക്** ഒരു കാലത്ത് ഒരേ ഇന്ത്യയായി നമ്മുടെ ദേശത്തോട്

ചേർന്നിരുന്ന നമ്മുടെ നാടിന്റെ പ്രജകളായ **ഹിന്ദുക്കൾ, സിക്കുകാർ, ജൈനമതക്കാർ, ക്രിസ്ത്യാനികൾ** ആയവർക്ക് കൊടുത്തിരുന്ന **എല്ലാ അവകാശങ്ങളും അവർക്കു (ന്യൂനപക്ഷക്കാർക്ക്) കൊടുക്കണം. എന്ന് ആ കരാറിൽ എഴുതിയിട്ടുണ്ട്.** അതുപോലെ **ഇന്ത്യയും** ഇവിടെയുള്ള **ന്യൂനപക്ഷത്തിന്** ആരാധനാലയങ്ങൾ, വിദ്യാഭ്യാസ മേഖലകൾ പോലുള്ള ഇടങ്ങളിൽ **പ്രത്യേക ആനുകൂല്യങ്ങൾ, അവകാശങ്ങൾ** കൊടുത്തിരിക്കണം എന്നതാണ് ആ കരാറിന്റെ പ്രത്യേകത. ഇന്ത്യ ആ അവകാശങ്ങളെ ഇന്നുവരെ ചിട്ടയായ രീതിയിൽ ലോകത്തിലുള്ള എല്ലാ രാഷ്ട്രങ്ങളും അഭിനന്ദിക്കും വിധത്തിൽ **നിറവേറ്റി വരുന്നു.**

എന്നാൽ പാക്കിസ്ഥാനിൽ സ്ഥിതി എന്ത്? പാക്കിസ്ഥാനിലുള്ള **ഹിന്ദുക്കൾ, ക്രിസ്ത്യാനികൾ, ജൈനർകൾ** പോലുള്ള മുസ്ലീമുകൾ അല്ലാത്ത വേറെ മതക്കാർ പീഡിപ്പിക്കപ്പെട്ട് **രണ്ടാന്തരം പ്രജകളായി** ജീവിച്ചുവരുന്നു. പലർ പെട്ടന്ന് കാണാതായി. ഇന്നുവരെ കണ്ടുപിടിക്കാൻ കഴിയാതെ അവരുടെ കുടുംബത്തിൽപ്പെട്ടവർ **അപകടകരമായ** സാഹചര്യത്തിൽകൂടി അവിടെ ജീവിച്ചുവരുന്നു. ഇതേ അവസ്ഥയാണ് നമ്മുടെ അതിർത്തിപ്രദേശമായ **ബംഗ്ലാദേശിലും, അഫ്ഗാനിസ്ഥാനിലും** സംഭവിച്ചുകൊണ്ടിരിക്കുന്നത്. അവിടെ നിന്നും **ഓടിക്കപ്പെട്ട ഹിന്ദുക്കൾ, ക്രിസ്ത്യാനികൾ, സിക്കുകാർ, ജൈന** മതക്കാർ **ഇന്ത്യയിൽ അഭയാർത്ഥികളായി വന്നിട്ടുണ്ട്.** അവർ **11 വർഷകാലയളവ്** ഇവിടെ താമസിച്ചിരുന്നാൽ അവർക്ക് **പൗരത്വ അവകാശം** കൊടുക്കണമെന്ന് എല്ലാ രാഷ്ട്രീയ പാർട്ടിക്കാരും 2019–വരെ അപേക്ഷിച്ചിരുന്നു.

എന്നാൽ ഇപ്പോൾ ആ പൗരത്വഭേദഗതി നിയമത്തെ നടപ്പിലാക്കിയ ഉടനെ ഇത് **മുസ്ലീങ്ങൾക്ക് എതിരായ നിയമമാണെന്ന്** തെറ്റായ രീതിയിൽ പ്രചരണം ചെയ്ത് അക്രമത്തെ വിതച്ചുവരികയാണെന്നാണ് ഈ ഭേഗദതി അനുകൂലികളുടെ വാദം. അവർ പറയുന്നത് ഇവിടെ കാലാകാലമായി ജീവിച്ചു വരുന്ന മുസ്ലീങ്ങളെ ഈ നിയമം ഒരു തരത്തിലും ബാധിക്കുകയില്ല. അവരുടെ അടുക്കൽ ചെന്ന് ആരും ഒരുതരത്തിലുള്ള സ്ഥിതിവിവര കണക്കെടുത്ത് അവരുടെ പൗരത്വത്തെ പറ്റി അന്വേഷിക്കാൻ പോകുന്നില്ല. എന്തെന്നാൽ അവരെല്ലാവരും ഇന്ത്യാക്കാരാണ്. ഈ പൗരത്വഭേദഗതി നിയമം മറ്റ്

രാജ്യങ്ങളിൽ നിന്ന് ഇവിടെ വന്ന് താമസിക്കുന്നവർക്ക് സമാധാനമായി ജിവിക്കാനുള്ള അവകാശം തരുന്നു.

- **ശ്രീലങ്ക തമിഴരുടെ** സാഹചര്യം വേറെയാണ്. **ശ്രീലങ്ക തമിഴർ** എന്നും, **തമിഴ് സംസാരക്കുന്ന തോട്ടതൊഴിലാളികൾ എന്നും രണ്ടു വക തമിഴർകൾ** ശ്രീലങ്കയിൽ ഉണ്ട്. പൊതുവേ അഭയാർത്ഥികളായി തമിഴ് നാട്ടിലേക്ക് വന്നിട്ടുള്ള **ശ്രീലങ്ക തമിഴർ** തിരികേ അവിടെ തന്നെ ജീവിക്കണമെന്ന് ആഗ്രഹിക്കുന്നു. എന്നാൽ ഇന്ത്യയിൽ അഭയാർത്ഥികളായി വന്ന **ശ്രീലങ്ക തമിഴർക്ക്** ഇന്ത്യ പൗരത്വ അവകാശം കൊടുക്കുന്നത് തീർച്ചയായും ഇപ്പോഴത്തെ പുതിയ **ശ്രീലങ്ക ഗവൺമെന്റിന്റെ** തെറ്റായ അടിസ്ഥാന **ഉദ്ദേശത്തെ സഹായിക്കുന്നതുപോലെയാകും.** അതായത് ശ്രീലങ്ക തമിഴർക്ക് ഇവിടെ **പൗരത്വ അവകാശം** ലഭിച്ചാൽ അവർ ശ്രീലങ്കയിലേയ്ക്ക് **തിരികെ ചെല്ലാൻ കഴിയില്ലല്ലോ? തമിഴരെ മുഴുവനും ശ്രീലങ്കയിൽ നിന്നും ഓടിച്ചുവിട്ട് സിംഹളർ മാത്രം ശ്രീലങ്കയിൽ ഉണ്ടായിരിക്കണം** എന്നതാണ് ആ നാടിന്റെ രഹസ്യമായ ലക്ഷ്യം. ഇപ്പോൾ നാം ഇവിടെയുള്ള **ശ്രീലങ്കൻ അഭയാർത്ഥികൾക്ക്** പൗരത്വ അവകാശം കൊടുത്താൽ ഇനിയും കൂടുതലായി ശ്രീലങ്കയിൽ നിന്ന് **തമിഴരെ ഇന്ത്യയിലേയ്ക്ക് തുരുത്തിവിടുകയില്ല** എന്നതിന് എന്താണുറപ്പ്. തീർച്ചയായും തമിഴരെ ഇന്ത്യയിലേയ്ക്ക് തുരുത്തിവിടാനുള്ള പദ്ധതി ഇപ്പോൾ അവർക്കുണ്ട്.

  അതുകൊണ്ട് **ശ്രീലങ്കയിൽ നിന്നും വരുന്ന തമിഴർക്ക്** നാം പൗരത്വ അവകാശം കൊടുക്കാൻ തുടങ്ങിയാൽ അത് **ശ്രീലങ്കയുടെ രഹസ്യ പദ്ധതിക്ക് ലഭിച്ച മറഞ്ഞിരിക്കുന്ന വിജയമായിരിക്കും.** അതിനു പകരം അവർക്ക് **മൂന്നുവർഷം അല്ലെങ്കിൽ അഞ്ച് വർഷത്തിൽ** ഒരു പ്രാവശ്യം **പുതുക്കുന്ന രീതിയിൽ** ഉള്ള നിബന്ധനയോടുകൂടിയ താല്ക്കാലിക **വിസ** കൊടുക്കാം. അതോടുകൂടെ അവർ **വിദേശ രാജ്യങ്ങളിൽ** ചെന്ന് **ബന്ധുക്കളെ** സന്ദർശിക്കാൻ അവർക്ക് **താല്ക്കാലിക യാത്രാ അനുവാദ പാസ്പോർട്ടും** കൊടുക്കാം എന്നത് സാധ്യമാണ്. ഇതാണ് പൗരത്വഭേദഗതി **അനുകൂലികളുടെ** വാദം.

- **ഇപ്പോൾ പൗരത്വഭേദഗതി നിയമത്തെ എതിർക്കുന്നവരുടെ വാദം എന്താണെന്ന് നോക്കാം.**

പൗരത്വ അവകാശനിയമത്തെ നടപ്പിലാക്കുമ്പോൾ **മുസ്ലീങ്ങൾ** ഒഴികെ മറ്റു മതത്തിൽപ്പെട്ടവർക്ക് ഈ **പൗരത്വ അവകാശം കിട്ടും.** എന്തുകൊണ്ടെന്നാൽ **മുസ്ലീങ്ങൾ** അയൽ രാജ്യങ്ങളിൽ **പീഡിപ്പിക്കപ്പെടുന്നില്ല** എന്ന് പൗരത്വ നിയമത്തെ എതിർക്കുന്നവർ പറയുന്ന **ഈ വാക്ക്** ലോകത്തിലുള്ള **എല്ലാ മുസ്ലീങ്ങളുടെ മനസിലും വേദനയുണ്ടാക്കി.** എന്തെന്നാൽ **പാക്കിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, ബംഗ്ലാദേശ്** തുടങ്ങിയ **മുസ്ലീങ്ങളിലുള്ള ചില വിഭാഗക്കാരുടെ** പള്ളികളിൽ വച്ച് അവർ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ ദയാദാക്ഷിണ്യം ഇല്ലാതെ വെടിവച്ചു കൊലപ്പെടുത്തി. ഇവർ അതേ ദേശത്തിൽ ജനിച്ചു വളർന്നവരായിരുന്നാലും അന്യനാട്ടുകാരെപ്പോലെ നടത്തപ്പെട്ടു **ദയയില്ലാതെ** കൊല്ലപ്പെട്ടുവരുന്നു. അവരും **മനുഷ്യരല്ലെ!** അവരും **അള്ളാഹുവെ** ആരാധിക്കുന്നവരാണല്ലോ!

- **ഇന്ത്യൻ മുസ്ലീമുകൾക്ക് ഉണ്ടായ മൂന്നുവിധമായ ബാധിപ്പുകൾ**

1. സ്വതന്ത്ര ഇന്ത്യയിലെ **മുസ്ലീങ്ങളുടെ** ഇടയിൽ **നടുക്കവും വേദനയും** വലിയ അളവിൽ ഉണ്ടായിരിക്കുന്നു. കേന്ദ്രഗവൺമെന്റ് **മുത്തലാക്** നിയമത്തെ നടപ്പിലാക്കി **മുസ്ലീങ്ങളുടെ അടിസ്ഥാനമായ മത സിദ്ധാന്തത്തിൽ** തലയിട്ടപ്പോൾ **മുസ്ലീങ്ങൾ** അത് **മൗനമായി സ്വീകരിച്ചു.**
2. പിന്നീട് **മുസ്ലീങ്ങൾ അധികമുള്ള കാശ്മീരിൽ മുസ്ലീങ്ങൾ കൊടുത്തിരുന്ന വിശേഷിച്ച അന്തസ്സ് 370 പാർട്ട്** ക്യാൻസലാക്കിയതും അവർ **മൗനമായി സ്വീകരിച്ചു.**
3. എന്നാൽ ഇപ്പോൾ **തിരക്കുപിടിച്ച്** നടപ്പിലാക്കിയിട്ടുള്ള **പൗരത്വഭേദഗതി നിയമത്തെ അവർക്ക് ദഹിക്കാൻ കഴിയുന്നില്ല.**

അതുകൊണ്ടാണ് ഇന്ത്യയിലുള്ള **എല്ലാ സംസ്ഥാനങ്ങളിലും ഇപ്പോൾ മുസ്ലീങ്ങൾക്ക് ഉത്കണ്ഠയും, പേടിയും, വേദനയും** അധികമായിരിക്കുന്നത്. ഉദാ: **വെസ്റ്റ് ബംഗാളിൽ** ബംഗാളഭാഷ സംസാരിക്കുന്ന **ഹിന്ദുക്കളും, മുസ്ലീങ്ങളും** ധാരാളമുണ്ട്. അവിടെ **ബംഗാള ഭാഷ സംസാരിക്കുന്ന മുസ്ലീങ്ങൾ** നാടുവിട്ട് നാട്ടിലേയ്ക്ക് വന്ന

ബംഗ്ലാദേശിലുള്ള ഉറുദു ഭാഷ സംസാരിക്കുന്ന മുസ്ലീങ്ങളെ നാം രണ്ടായികാണുന്നതെങ്ങനെയാണ്. ഭാഷ മാത്രമേ വ്യത്യാസമുള്ളു എന്നാൽ **അവരെല്ലാവരും** മുസ്ലീങ്ങളാണ്. മുമ്പുതന്നെ പല വർഷങ്ങളായി വെസ്റ്റ് ബംഗാൾ ദേശത്ത് താമസിക്കുന്ന മുസ്ലീങ്ങൾ അവരുടെ **ആധാർ കാർഡ്, റേഷൻകാർഡ്** എടുത്തുകൊണ്ടുവന്ന് ഞങ്ങൾ **പല വർഷങ്ങളായി** ഇന്ത്യയിൽ ജീവിക്കുന്നവരാണ്. **ഞങ്ങളുടെ പൗരത്വ അവകാശത്തെ റദ്ദാക്കരുത് എന്നു യാചിക്കുന്നത് യഥാർത്ഥത്തിൽ ആവശ്യമാണോ?**

- ☐ **ആസാം പ്രശ്നം**

രണ്ടിനും നടക്കു മദ്ധ്യസ്ഥം നില്ക്കുന്നവർ ചിന്തിച്ചു നോക്കണം **ആസാമിൽ ആധാർകാർഡ്, വോട്ടർ ഐഡി, പാസ്പോർട്ട്** കയ്യിലുള്ളവർക്കുകൂടെ അടുത്തിടെ എടുക്കപ്പെട്ട സ്ഥിതിവിവര കണത്തിൻ പ്രകാരം അവരെ പൗരത്വ അവകാശം **ലഭിക്കാൻ കഴിയാതെ ആക്കിയാൽ,** അവരെ നോക്കി നിങ്ങൾ ഇന്ത്യക്കാരല്ല എന്ന് ഗവൺമെന്റും അധികാര കേന്ദ്രവും, അറിയിപ്പു കേന്ദ്രവും നോട്ടീസ് പുറത്തുവിട്ടപ്പോൾ അത് ഞെട്ടൽ ഉണ്ടാക്കി. ആ സംസ്ഥാനത്തുള്ള ജനങ്ങൾ എവിടെ പരാതി കൊടുക്കണം? എന്നും, എന്തു ചെയ്യണമെന്നും, അറിയാതെ ഗതിയില്ലാതെ നില്ക്കുകയാണ്. ഇതുപോലുള്ള പൗരത്വ നിയമം ഇപ്പോൾ **നിർബന്ധമായും ആവശ്യമാണോ?**

- ☐ **ഇന്ത്യയിലെ മറ്റൊരു കൂട്ടരുടെ ചോദ്യം എന്ത്?**

ഇന്ത്യ മുഴുവനും **സാമ്പത്തികനില** ബാധിക്കപ്പെട്ട നിലയിൽ **തൊഴിലില്ലായ്മ കൊണ്ട്** യൗവനക്കാർ നെട്ടോട്ടമോടിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ഇതുപോലുള്ള പൗരത്വഭേദഗതി നിയമം **ആവശ്യമാണോ?** എന്നുള്ളത് മറ്റുള്ള **ഇന്ത്യക്കാരുടെ ചോദ്യമാണ്.** ഇതുപോലുള്ള പലവിധ സംശയങ്ങൾക്കിടയിൽ അകപ്പെട്ടു നെടുവീർപ്പിടുന്ന ഇന്ത്യ ജനങ്ങൾ പൗരത്വഭേദഗതി നിയമത്തെ പറ്റിയുള്ള

പൂർണ്ണമായുള്ള വിവരണത്തെ ജനങ്ങൾക്ക് മനസിലാക്കികൊടുത്ത് **സാമൂഹിക പ്രവർത്തകർ, മദ്ധ്യസ്ഥം വഹിക്കുന്നവർ, സമരം ചെയ്യുന്ന വിദ്യാർത്ഥികൾ, മുസ്ലീങ്ങൾ** ഇവരെ എല്ലാവരേയും ഒരുമിച്ചുകൂട്ടി അവരോട് സംസാരിച്ച് പൗരത്വ ഭേദഗതി നിയമത്തെ നടപ്പിലാക്കാൻ കേന്ദ്ര ഗവൺമെന്റ് നടപടി എടുക്കണം. ഈ **പൗരത്വഭേദഗതി നിയമ** പ്രശ്നത്തിൽ 140 കോടി ഇന്ത്യ ജനങ്ങളിൽ ഒരാളെയും **ഈ നിയമം ബാധിക്കില്ല** എന്നത് ഗവൺമെന്റ് ജനങ്ങൾക്ക് മനസിലാക്കികൊടുക്കണം. ഉറപ്പും നല്കണം.

- ☐ **മുസ്ലീമുകൾക്കും, ക്രിസ്ത്യാനികൾക്കും വരാൻ പോകുന്ന ആപത്ത്**

മുകളിൽ **പൗരത്വഭേദഗതി നിയമത്തെക്കുറിച്ചും പൗരത്വ ഭേദഗതി നിഷേധ നിയമത്തെ** കുറിച്ചുമുള്ള വിവരങ്ങളെ വായിച്ചല്ലോ. ഇതിലുള്ള ആപത്ത് എന്താണ്? ന്യൂനപക്ഷക്കാരായ മുസ്ലീമുകൾക്കും ക്രിസ്ത്യാനികൾക്കും വരാൻ പോകുന്ന മറഞ്ഞിരിക്കുന്ന ആപത്ത് ഒന്നുണ്ട് എന്നതിന് ഒരു ചെറിയ ഉദാഹരണം.

- ☐ നമ്മുടെ ഇന്ത്യയുടെ **ആഭ്യന്തര മന്ത്രി ശ്രീ. അമിത്ഷാ** അവർകൾ പൗരത്വഭേദഗതി നിയമത്താൽ ഒരു **മുസ്ലീമിന്റെ എങ്കിലും അവകാശം** ഇതുവരെ **പിടിച്ചു പറിച്ചു എന്ന് ആർക്കെങ്കിലും പറയാൻ കഴിയുമോ?** എന്ന് വെല്ലുവിളിച്ചു.

- ☐ **ആഭ്യന്തരമന്ത്രി അമിത് ഷാ അവർകൾക്ക് ഇന്ത്യയുടെ ചരിത്രം അറിയില്ലേ? അല്ലെങ്കിൽ അറിയാത്തതുപോലെ സംസാരിക്കുന്നതാണോ എന്ന് മനസ്സിലാകുന്നില്ല!**

**ഉദാഹരണം: 1** നമ്മുടെ ഇന്ത്യ ദേശത്തിന് വേണ്ടി **കാർഗിൽ യുദ്ധത്തിൽ** ജീവൻ പണയംവച്ച് യുദ്ധം ചെയ്ത് ഇന്ത്യയ്ക്ക് ജയം നേടിതന്നവരിൽ ഒരാൾ **മുസ്ലീം മതത്തിലെ യുദ്ധവീരൻ ശ്രീ. മുഹമ്മദുള്ള** അവർകൾ ആണ് ഇന്ത്യ പൗരന്മാർ രജിസ്ട്രേഷൻ നിയമപ്രകാരം ***(NRC)*** **ഇന്ത്യ**

**പൗരത്വ അവകാശം നിഷേധിക്കപ്പെട്ട് *NRC* നിയമപ്രകാരം അദ്ദേഹം ഇന്ത്യക്കാരനല്ല എന്നും അദ്ദേഹം ഇന്ത്യയിൽ വന്നു കുടിയേറിയവരാണ് എന്നുപറഞ്ഞ് ജയിലിൽ അടച്ച ക്രൂരതയെ** ആഭ്യന്തരമന്ത്രി അമിത്ഷായ്ക്ക് ഓർമ്മപ്പെടുത്തണം. ഒരാളെ **പട്ടാളത്തിൽ വീരനായി** തിരഞ്ഞെടുക്കുമ്പോൾ അദ്ദേഹത്തെക്കുറിച്ച് പോലീസ് **അന്വേഷണം** നടത്തി **വില്ലേജ് ഓഫീസറുടെ** സാക്ഷിയോടുകൂടെ **അദ്ദേഹം ഇന്ത്യക്കാരനാണെന്ന്** ഉറപ്പാക്കിയതിന ശേഷം **പാക്കിസ്ഥാനോടുകൂടെ യുദ്ധം ചെയ്യുന്നതിന് മുമ്പേ** അദ്ദേഹം ദേശഭക്തിയുള്ളവനാണോ, അല്ലെങ്കിൽ **ചാരനാണോ** എന്നുള്ളതിനെ കുറിച്ചെല്ലാം **അന്വേഷിച്ചതിന് ശേഷം** മാത്രമേ **യുദ്ധക്കളത്തിലേക്ക്** അയക്കുകയുള്ളൂ. ഇന്ത്യൻ പട്ടാളത്തിൽ രഹസ്യനടപടി ക്രമങ്ങൾ നടത്തി അവനെ പാക്കിസ്ഥാനെതിരായി യുദ്ധത്തിനയച്ച് **നാടിന് വേണ്ടി വിജയം നേടിത്തന്ന** ആ യുദ്ധവീരനെ **ഇന്ത്യാക്കാരൻ അല്ല** എന്നു പറഞ്ഞ് ***NRC* ഇന്ത്യൻ പൗരത്വ രജിസ്ട്രേഷൻ നിയമപ്രകാരം ആ ത്യാഗിയെ അദ്ദഹം ഒരു മുസ്ലീം എന്ന ഒരേ ഒരു കാരണം** കൊണ്ട് **ജയിലിൽ ഇട്ടത്** ഏതുതരത്തിൽ ന്യായീകരിക്കാൻ കഴിയും?

**ഉദാഹരണം. 2 :** നമ്മുടെ ഇന്ത്യാ ദേശത്തിന്റെ **മുൻ രാഷ്ട്രപതിയായി,** അഴിമതി ഒന്നും ഇല്ലാതെ, നമ്മുടെ ഭാരത ദേശത്തെ ഭരിച്ച **ശ്രീ. ഫക്രുദീൻ അലി അഹമ്മദ്** അവർകളുടെ **കുടുംബക്കാർക്ക്** പൗരത്വ രജിസ്ട്രേഷൻ നിയമപ്രകാരം ***(NRC)*** ഇന്ത്യ പൗരത്വ അവകാശം **നിഷേധിക്കപ്പെട്ടിരുന്നു.** കാരണം ആ കുടുംബക്കാർ **മുസ്ലീംമതക്കാരായതുകൊണ്ടാണ്.** നമ്മുടെ ഭാരത ദേശത്തിന്റെ **മുൻ രാഷ്ട്രപതിയുടെ കുടുംബക്കാർക്കേ ഇന്ത്യൻ പൗരന്മാരുടെ അവകാശം നിഷേധിക്കപ്പെട്ടല്ലോ.** ഈ രണ്ട് ഉദാഹരണങ്ങൾ **ആഭ്യന്തരമന്ത്രി** ശ്രീ. അമിത്ഷാ അവർകൾക്ക് മതിയാകും എന്ന് ഞാൻ വിചാരിക്കുന്നു. ഈ സാഹചര്യത്തിൽ ഇന്ത്യയിലുള്ള **മുസ്ലീങ്ങളുടെ** പേരിലുള്ള, സമരങ്ങളും ന്യായം തന്നെ

എന്ന് ആർ.എസ്.എസ് പോലുള്ള ഹിന്ദുമത തീവ്രവാദികൾ സമ്മതിക്കും എന്നു വിചാരിക്കുന്നു.

**ഇത് വായിക്കുന്ന വായനക്കാർ ഇന്ത്യയിൽ പൗരത്വ ഭേദഗതി കാരണമായി ഹിന്ദു-മുസ്ലീങ്ങൾക്ക് ഇടയിൽ കലഹം ഉണ്ടായി ഇന്ത്യയിൽ ചോരപുഴ ഒഴുകാതിരിക്കാൻ നാം എല്ലാവരും പ്രാർത്ഥിക്കണം.**

## 2020 എന്റെ ദൈവവേല വിവരങ്ങൾ

| | | |
|---|---|---|
| January | 2-1-2020 to 5-1-2020 | Hill Tribe Ministry |
| | 17-1-2020 to 19-1-2020 | Pottalpatti C.S.I. Convention (Tirunelveli Dioces) |
| | | **MALAYSIA MINISTRY** |
| | 23-1-2020 to 31-1-2020 | PINANG Luthern Church Convention |
| February | 1-2-2020 to 2-2-2020 | KUALALUMBUR Union Convention |
| | 3-2-2020 to 5-2-2020 | SINGAPORE Prayer Fellowship |
| | | **THAILAND** |
| | 6-2-2020 to 8-2-2020 | PRESBITARIAN Church Meeting |
| | | **INDIA** |
| | 10-2-2020 to 15-2-2020 | Village Ministry Soranadu |
| | 21-2-2020 to 23-2-2020 | New life Christian Mission **Tanda** Tribal Church Meeting |
| | 28-2-2020 to 1-3-2020 | TDTA English Church Convention, Military Lane, Tirunelvelli |
| March | 6-3-2020 to 8-3-2020 | C.S.I. St. Luck Church Convention, Tirupur |
| | 20-3-2020 to 22-3-2020 | C.S.I. Christ Church Convention, Coimbatore |
| | 24-3-2020 to 30-3-2020 | North India Meeting, Jarkhand & CNA Churches |
| April | 3-4-2020 to 5-4-2020 | Madurai Diocese St. Peters Church, Satchiapuram |
| | 24-4-2020 to 26-4-2020 | K.K. Diocese, Panchakalai C.S.I. Church, |
| | 14-4-2020 to 24-4-2020 | C.N.I. Church, Odisa & Madhya Pradesh |
| | 4-5-2020 to 5-5-2020 | Kakkamoola (Perungamala) Union Convention |
| May | 8-5-2020 to 10-5-2020 | Kanyakumary C.S.I. Diocese, **Devicode** C.S.I. Church Convention |
| | 15-5-2020 to 17-5-2020 | Tuticorin C.S.I. Diocese, Pragasapuram C.S.I. Convention |
| | 22-5-2020 to 24-5-2020 | Swayerpuram C.S.I. Convention |

# എതിർക്രിസ്തുവിന്റെ വേലക്കാർ

**2019 ഫെബ്രുവരി** മാസം ജാമക്കാരനിൽ (കാവലൽക്കാരൻ) എതിർക്രിസ്തുവിന്റെ ആളുകൾ സി.എസ്.ഐ സഭയുടെ ഉള്ളിൽ നുഴഞ്ഞുകയറി എന്ന തലക്കെട്ടിൽ സി.എസ്.ഐ മുൻ മോഡറേറ്ററും മദ്ധ്യകേരള ഡയോസിസ് ബിഷപ്പുമായ ***Most Rev.* തോമസ് കെ. ഉമ്മൻ** ലന്ത്കാല ഉപവാസ പ്രാർത്ഥന കുറിപ്പുകൾ എന്ന പേരിൽ സി.എസ്.ഐ സിനാഡ് വഴിയായി സി.എസ്.ഐയിൽ ഉള്ള 24 ഡയോസിസുകൾക്കും ഒരു പ്രസ്താവന അച്ചടിച്ച് അയച്ചു. അതിലടങ്ങിയ **എതിർക്രിസ്തുവിന്റെ** നവീന ഉപദേശങ്ങളെ സി.എസ്.ഐ സഭകളെല്ലാവരും കൈകൊള്ളണം എന്നെഴുതിയ മുൻ മോഡറേറ്ററുടെ പ്രസ്താവനയെ അത് തെറ്റായ പ്രസ്താവന എന്ന് ജാമക്കാരൻ വിമർശിച്ചു എഴുതി.

എതിർക്രിസ്തു ലോകത്തിൽ തന്നെ വെളിപ്പെടുത്തുന്നതിന് മുമ്പ് തന്റെ ആളുകളെ ലോകത്തിലേയ്ക്ക് ഇറക്കി കഴിഞ്ഞു. ഇവർ ക്രിസ്തീയ സഭകളെ വേദവചനത്തിൽ നിന്ന് മാറ്റി സഭകളെ ക്രിസ്തുവിൽ നിന്ന് വേർപ്പെടുത്തുന്ന ഭയങ്കര പദ്ധതിയോടെ ഇറങ്ങികഴിഞ്ഞു. ഇവർ സഭകളുടെ ഉയർന്ന സ്ഥാനത്തിലുള്ളവരെ തന്റെ വശമാക്കുന്ന പദ്ധതിയിൽ എപ്പിസ്കോപ്പൽ സഭകളിൽ ആദ്യമായി മാർത്തോമ സഭ നേതാക്കളേയും (ബിഷപ്പുമാർ) ഇപ്പോൾ സി.എസ്.ഐ സഭകളുടെ പ്രധാന തലവനായ സി.എസ്.ഐ മോഡറേറ്റർ അവർകളേയും തങ്ങളുടെ പദ്ധതിയെ നിറവേറ്റുവാൻ ഡബ്യു.സി.സി വഴിയായി തൻ വശമാക്കി കഴിഞ്ഞു മോഡറേറ്റർ അവർകൾ നല്ല ക്രിസ്തീയ ചിട്ടയിൽ വളർത്തപ്പെട്ട വ്യക്തിയാണ്. നല്ല അച്ചനായും, നല്ല ബിഷപ്പായും പ്രവർത്തിച്ചിട്ട് മോഡറേറ്റർ സ്ഥാനത്തേയ്ക്ക് ഉയർന്നു. അങ്ങനെ മോഡറേറ്റർ ആയ ശേഷം മോസ്റ്റ് റവ. തോമസ് കെ. ഉമ്മൻ അവർകളെ എതിർക്രിസ്തുവിന്റെ ആളുകൾ തങ്ങളെ അനുസരിക്കുന്ന ആളായി തങ്ങളുടെ വശമാക്കി എന്നുള്ള വിവരത്തെയും, അതിനാൽ ഉണ്ടാകുന്ന ആപത്തിനേയും

അതിന്റെ മുഴുവിവരത്തെയും ജാമക്കാരൻ എഴുതി അറിയിച്ചു. ഈ ലേഖനം എഴുതിയശേഷം മദ്ധ്യകേരള ഡയോസിസ് ബിഷപ്പ് അവർകളാൽ മുഴുപട്ടം ലഭിച്ച അച്ചൻമാരും ബിഷപ്പ് അവർകളെ കൂടുതലായി സ്നേഹിക്കുന്നവരും മദ്ധ്യകേരള ഡയോസിസിലെ ക്ലർജി സെക്രട്ടറി അദ്ദേഹത്തോട് രണ്ട് മാന്യവ്യക്തികളും ചേർന്ന് ഡോക്ടർ പുഷ്പരാജായ എന്നെ മദ്ധ്യകേരള സി.എസ്.ഐ സഭകളുടെ കൺവൻഷനുകളിൽ ക്ഷണിക്കാൻ പാടില്ല എന്ന് തീരുമാനിച്ചതായി ഞാൻ കേട്ടു.

അതിന് അവർ പറയുന്ന കാരണം നമ്മുടെ ബിഷപ്പ് അവർകളെ ഡോക്ടർ പുഷ്പരാജ് അവർകൾ അപമാനപ്പെടുത്തി. ഞാൻ ജാമക്കാരനിൽ എഴുതിയത് ഇവർ ആരാഞ്ഞുനോക്കാത്തതാണ് ഈ തെറ്റിദ്ധാരണയുടെ പ്രധാന കാരണം. പക്ഷെ വചനത്തെ അറിഞ്ഞ അച്ചൻമാരും, സഭാ വിശ്വാസികളും എതിർക്രിസ്തുവിന്റെ വരവിന് മുമ്പ് നടക്കാനുള്ളവയെ കുറിച്ച് വേദവചനം മൂലമായി അറിഞ്ഞവരും ഇവരെല്ലാവരും ഞാൻ എഴുതിയ മുന്നറിയിപ്പിനെ പ്രോത്സാഹിപ്പിച്ച് അവർ എനിക്കെഴുതിയ വിവരമായത്:-

ഞങ്ങളുടെ ബിഷപ്പ് തിരുമേനി അവർകൾ ഓരോരോ സി.എസ്.ഐ പള്ളിയിലും ഓരോരോ മാസവും കൺവൻഷൻ പോലെ ആത്മീയ യോഗങ്ങൾ നടത്തപ്പെടണം എന്ന് പറഞ്ഞവരല്ലേ. അങ്ങനെ സഭകൾ ആത്മീകത്തിൽ വളരണം എന്ന് ആഗ്രഹിക്കുന്ന ഞങ്ങളുടെ തിരുമേനി അവർകൾ തന്നെ എങ്ങനെ ***WCC*** യുടെ നിർബന്ധത്തിന് അടിമയായി എന്ന് ഞങ്ങൾക്ക് മനസിലാകുന്നില്ല. ആ തെറ്റായ നവീന ഉപദേശം കാരണം ഞങ്ങളുടെ സഭയിലെ യൗവനക്കാർ ചീത്തയാകുമെന്നുള്ളത് തിരുമേനി അവർകൾ എങ്ങനെ മനസിലാക്കാതെ പോയി. ഉരുണ്ട ഭൂമിയിൽ ദൈവമുണ്ട്. ആകാശത്തിലുള്ള നക്ഷത്രങ്ങളിൽ ദൈവമുണ്ട്, പ്രകൃതിയിൽ ദൈവമുണ്ട് എന്നെല്ലാം പറയാൻ എങ്ങനെ തിരുമേനിക്ക് മനസ്സുവന്നു.

ദാവീദും പ്രകൃതിയിലും, ആകാശത്തിലുള്ള നക്ഷത്രങ്ങളിലും ദൈവത്തിന്റെ മഹത്വത്തെ കണ്ടു എന്നാണ് പറയുന്നത്. പക്ഷെ **പ്രകൃതിയിൽ**

**ദൈവത്തെ കണ്ടു** എന്ന് അവൻ പറഞ്ഞിട്ടില്ല. ബിഷപ്പു തിരുമേനി അവർകൾ ഇത് എങ്ങനെ അറിയാതെ പോയി.

ഡോക്ടർ അവർകൾ ജാമക്കാരനിൽ ആ ഉപദേശങ്ങളെ കുറിച്ച് എഴുതി അറിയിക്കാതെ പോയിരുന്നാൽ മോഡറേറ്റർ തിരുമേനി അവർകൾ എഴുതിയ ലന്തുകാല പ്രസ്താവനയെ കുറിച്ച് ഞങ്ങൾ അറിയാൻ സാധിക്കാതെ പോയിരിക്കും. ഡോക്ടർ ദയവായി ഞങ്ങളുടെ സഭയിലും ഒരു ദിവസത്തെ ഉപവാസത്തിനെങ്കിലും വരണം. അതിന് ഞങ്ങൾ എന്തു ചെയ്യണം. ഇങ്ങനെ പലർ കത്തുകൾ എഴുതി അയച്ചിരിക്കുന്നു.

താഴെ നിങ്ങൾ വായിക്കാനുള്ള കത്ത് സി.എസ്.ഐയിലെ റിട്ടേർഡായ മുതിർന്ന ആത്മീക അനുഭവമുള്ള വികാരി അച്ചനെഴുതിയ കത്താണ്. അദ്ദേഹത്തിന്റെ എഴുത്തിൽ കൈ വിറയ്ക്കുന്നത് ആ എഴുത്ത് കാണുമ്പോൾ മനസ്സിലാകും. ഇങ്ങനെയുള്ള യഥാർത്ഥ ആത്മീയ നല്ല അനുഭവമുള്ള ചെറുപ്പക്കാരായ അച്ചൻമാരും മദ്ധ്യകേരള ഡയോസിസിൽ ഉണ്ട്. ഇവരെല്ലാം എഴുതിയ കത്തുകൾ എന്നെ വളരെ ഉത്സാഹപ്പെടുത്തി.

മറ്റവർ എന്നെ മനസിലാക്കിയാലും ശരി മനസിലാക്കാതെ പോയാലും ശരി എതിർ ക്രിസ്തുവിന്റെ രഹസ്യപദ്ധതികളെയും, നവീന ഉപദേശങ്ങളേയും ജാമക്കാരൻ വഴിയായി എഴുതി 24 സി.എസ്.ഐ ഡയോസിസ് സഭാജനങ്ങൾക്കും മുന്നറിയിപ്പ് നല്കി കഴിഞ്ഞു. **മുൻ മോഡറേറ്റർ** അവർകളുടെ ആപത്തായ ഉപദേശങ്ങളെ കുറിച്ച് അറിയിച്ചു കഴിഞ്ഞല്ലോ എന്നുള്ള തൃപ്തി എന്റെ മനസ്സിൽ ഉണ്ടായി. അത് എനിക്ക് മതി.

## മാർത്തോമാ സഭയിൽ (കേരള) നവീന ഉപദേശം

- ☐ കേരളത്തിൽ മാർത്തോമ സഭയിൽ പല വർഷങ്ങൾക്കു മുമ്പ് മാർത്തോമ സഭയുടെ മാസികയായ **(സഭാതാരയിൽ)** ഒരു അച്ചൻ കൂടുതൽ വിദ്യാഭ്യാസമുള്ള അച്ചനും കൂടുതൽ ഡിഗ്രി വാങ്ങിയ ആ അച്ചൻ എഴുതിയ ലേഖനം ആ സഭാതാരയിൽ രേഖപ്പെടുത്തിയിരുന്നു. അതിൽ പുതിയ

നിയമത്തിൽ 6000 പിശാചുകൾ പിടിക്കപ്പെട്ടു ലെഗ്യോനെ കുറിച്ച് അദ്ദേഹം എഴുതിയത് ആ ലെഗ്യോൻ ഒരു മാനസികരോഗി ആകുന്നു. പക്ഷെ ക്രിസ്ത്യാനികളായ നാമെല്ലാവരും അവനെ ഭൂതബാധിതൻ എന്നാണ് പഠിപ്പിക്കുന്നത്. എന്നാൽ നമ്മുടെ വേദപുസ്തകത്തിൽ ആ ലെഗ്യോനെ 6000 പിശാചുകൾ ബാധിച്ചവൻ എന്ന് എഴുതപ്പെട്ടത് തെറ്റാണ്. പിശാച് എന്നുള്ളത് ലോകത്തിൽ ഇല്ല എന്ന് ആ അച്ചൻ എഴുതി. അത് വായിച്ച മാർത്തോമാ സഭയിൽ ഒരു ആശയകുഴപ്പമുണ്ടായി.

ഉടനെ മാർത്താമാസഭയിലെ അച്ചൻമാർ മാസികയിൽ വന്ന ലേഖനത്തിന്റെ ഫോട്ടോകോപ്പിയെടുത്ത് എനിക്ക് അയച്ചുതന്ന് ഡോക്ടർ തന്നെ ജാമക്കാരനിൽ ഇതിന്റെ വ്യാഖ്യാനവും യഥാർത്ഥ അർത്ഥവും എഴുതി മാർത്തോമാ സഭയിലെ വിശ്വാസികൾക്ക് മനസിലാക്കാൻ സഹായിക്കണം. അച്ചൻമാരായ ഞങ്ങൾ ആ ലേഖനത്തിനെതിരായി മറുപടി എഴുതിയാൽ അത് മാസികയിൽ പ്രസിദ്ധീകരിക്കുന്നില്ല. കാരണം ആ മാസികയിൽ (സഭാ താരക) എഡിറ്ററുടെ മുഴുസമ്മതത്തോടെയാണ് ആ ലേഖനം പുറത്തുവിട്ടിരിക്കുന്നത്. ആ മാസികയുടെ എഡിറ്റർ അന്നത്തെ ബിഷപ്പ് **ഐറേനിയസ്** അവർകളാണ്. ഇപ്പോൾ അദ്ദേഹത്തിന് പദവി കയറ്റം കിട്ടി എല്ലാ മാർത്തോമാ സഭകൾക്കും ചീഫ് ബിഷപ്പായി (മാർത്തോമ സഭക്കാർ അദ്ദേഹത്തെ വല്യ തിരുമേനി എന്നു പറയും). ഇപ്പോൾ അദ്ദേഹമാണ് വല്യ തിരുമേനിയായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഞങ്ങൾ (അച്ചൻമാർ) എന്തെങ്കിലും നവീന ഉപദേശത്തിനെതിരായി എഴുതിയാൽ തിരുമേനി ദേഷ്യപ്പെടും. അത് ഞങ്ങളുടെ വേലയ്ക്ക് ആപത്താകും എന്ന് അവർ എല്ലാവരും എനിക്കെഴുതി.

ഉടനെ ജാമക്കാരനിൽ പിശാച് എന്നുള്ളവൻ ആരെന്നും ലഗ്യോൻ എന്നാൽ ആരെന്നും വിവരിച്ച് എഴുതി.

ലെഗ്യോൻ എന്നുള്ളപേർ റോമ പട്ടാളത്തിൽ 6000 യുദ്ധവീരരെ കുറിക്കുന്ന വാക്കാണ്. 100 യുദ്ധവീരന്മാരുടെ തലവനെ ശതാധിപൻ എന്നു വിളിക്കുന്നതുപോലെ ലഗ്യോൻ എന്നാൽ 6000 പിശാചുക്കളാൽ

പിടിക്കപ്പെട്ടിട്ടുള്ള വ്യക്തി എന്നാണ് അർത്ഥം. ഈ ലേഖനം എഴുതിയ ആ അച്ചൻ എത്ര വിദ്യാഭ്യാസമുള്ളവനായിരുന്നാലും ബൈബിൾ കോളേജിൽ ഡോക്ടറേറ്റ് വാങ്ങിയിരുന്നാലും ആ അച്ചൻ യഥാർത്ഥ ക്രിസ്ത്യാനിയല്ല. അദ്ദേഹം പിശാചിന് ശുപാർശ ചെയ്യുന്ന പിശാചിന്റെ ആളാകുന്നു. ഇങ്ങനെയുള്ള അച്ചൻമാരും ബിഷപ്പുമാരും എന്തിനാണ് ക്രിസ്തീയ സഭകളിൽ ദൈവവേല ചെയ്യാൻ വരുന്നത്. നേരത്തെതന്നെ ക്രിസ്തീയ സഭകൾ വിശ്വാസത്തിൽ കുഴഞ്ഞുകിടക്കുന്നു. ഇങ്ങനെയുള്ള അവസരത്തിൽ സഭ വിശ്വാസികളുടെ വിശ്വാസത്തെ തകർക്കുന്ന ലേഖനങ്ങൾ സഭാ പത്രത്തിൽ പരസ്യപ്പെടുത്തുന്നത് ഉചിതമാണോ? ഇവരെല്ലാം വേദപുസ്തകത്തെ വിശ്വസിക്കാത്തവരാണ്. ഇങ്ങനെയുള്ളവർ എതിർ ക്രിസ്തുവിന്റെ കൈയിൽനിന്നു സഭാ മക്കളെ എങ്ങനെ രക്ഷപ്പെടുത്തും. ക്രിസ്തുവിന്റെ രണ്ടാം വരവിന് വേണ്ടി സഭാജനത്തെ എങ്ങനെ ഒരുക്കും? എന്നു ഞാനെഴുതി.

പുതിയ നിയമ പുസ്തകത്തിൽ എല്ലാ സുവിശേഷങ്ങളിലും ലെഗ്യോൻ ഭൂതബാധിതൻ എന്നാണ് എഴുതിയിട്ടുള്ളത്. ആ സ്ഥലത്തുള്ള ജനങ്ങളെ അവൻ പേടിപ്പിച്ചു എന്ന് വ്യക്തമായി ബൈബിളിൽ എഴുതിയിട്ടുണ്ട്. യേശുക്രിസ്തു ലെഗ്യോന്റെ അടുത്ത് ചെന്ന് അവനിലുള്ള പിശാചിനെ ഓടിച്ചപ്പോൾ ആ പിശാചുകൾ തങ്ങളെ പന്നികൾക്കുള്ളിൽ അയക്കാൻ അപേക്ഷിച്ചു എന്നാണ് വേദപുസ്തകത്തിൽ എഴുതിയിരിക്കുന്നത്. ഡോക്ടർ പുഷ്പരാജായ ഞാനും ബംഗാരപേട്ട എന്ന സ്ഥലത്ത് എസ്.ഐ.ബി.സി ബൈബിൾ കോളേജിൽ പഠിച്ചവനാണ്. ഈ പ്രത്യേക വിഷയത്തെ കുറിച്ച് ഞാൻ ആരാഞ്ഞപ്പോൾ മൂലഭാഷയിലും എല്ലാ ബൈബിൾ തർജ്ജിമ വേദപുസ്തകങ്ങളിലും പിശാച് (ഭൂതം) എന്നാണ് തർജ്ജിമ ചെയ്യപ്പെട്ടിരിക്കുന്നത്. മാർത്തോമ സഭാതാരകയിൽ എഴുതിയ ആ അച്ചനും, എഡിറ്റർ ബിഷപ്പിനും ലെഗ്യോൻ എങ്ങനെയാണ് മാനസിക രോഗിയായി മനസിലായത്. ആരാണ് ഇവർക്ക് മാനസിക രോഗി എന്ന് പറഞ്ഞുകൊടുത്തത്? ഇതിന് പേരാണ് കള്ള ഉപദേശം അല്ലെങ്കിൽ നവീന ഉപദേശം.

പക്ഷെ അന്നത്തെ മാർത്തോമ ബിഷപ്പ് ഐറേനിയസ് അവർകളും ആ ലേഖനം എഴുതിയ അച്ചനും ഞാൻ എഴുതിയതിന് എതിരൊന്നും എഴുതിയില്ല. എന്റെ ലേഖനം വന്നശേഷം മാർത്തോമസഭ അച്ചൻമാർ എല്ലാവരും പുകഴ്ത്തി എഴുതി. അന്നത്തെ കാലത്ത് മാർത്തോമാ സഭയിൽ എന്നെ കൂടുതൽ സ്നേഹിച്ച തിമോത്തിയോസ് തിരുമേനി അവർകളും എന്നെ ഫോണിൽ വിളിച്ച് അഭിനന്ദിച്ചു. അതിന് ശേഷം പല വർഷങ്ങൾ മാർത്തോമ സഭാ അച്ചൻമാരും, ജോസഫ് തിരുമേനി അവർകളും എന്നെ മാർത്തോമാ സഭയിൽ വലിയ വലിയ കൺവൻഷനുകൾ സംഘടിപ്പിച്ച് പ്രസംഗിക്കാൻ ഉപയോഗിച്ചു. ആ കാലങ്ങളെ ഓർത്ത് ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

ആ കാലങ്ങളിൽ മാർത്തോമാ സഭയിൽ തന്നെ ഒരു കൂട്ടം അച്ചൻമാരും സഭാ വിശ്വാസികളും എന്നെ കൂടുതൽ സ്നേഹിച്ചു. ബിഷപ്പുമാരെ ദൈവമായി കരുതുന്ന ഒരുകൂട്ടം എന്നെ വെറുക്കുകയും ചെയ്തു.

അതേമാതിരി തന്നെ സി.എസ്.ഐയിലും ചില ബിഷപ്പുമാരും അച്ചൻമാരും എന്നെ വെറുക്കുന്നു. പല ബിഷപ്പുമാരും, അച്ചൻമാരും എന്നെ കൂടുതൽ സ്നേഹിക്കുന്നു. ഇത് സ്വഭാവികമാണ്. അതിനെ ഞാൻ കാര്യമാക്കാത, ദൈവം വിളിച്ച വിളിയിൽ മുമ്പോട്ടുപോയികൊണ്ടിരിക്കുന്നു. അന്നത്തെ കാലത്ത് തന്നെ മാർത്തോമസഭയിലുള്ള വേറെ ചില നവീന ഉപദേശങ്ങളെയും പാപ പ്രവർത്തനങ്ങളെയും കുറിച്ച് വിമർശിച്ച് ജാമക്കാരനിൽ എഴുതിയവനാണു ഞാൻ. ഇങ്ങനെ എഴുതിയതുകൊണ്ടാണ് കേരളത്തിൽ **മാർത്തോമസഭയിൽ** ആദ്യമായി എന്നെ **മുടക്കിയത്.**

## സി.എസ്.ഐ സഭയിൽ നവീന ഉപദേശം

സി.എസ്.ഐ സഭയുടെ മുൻ മോഡറേറ്റർ അവർകളുടെ ***(Most Rev.*** തോമസ് കെ. ഉമ്മൻ) നവീന ഉപദേശത്തെ കുറിച്ച് വിമർശിച്ച് ഞാൻ ജാമക്കാരനിൽ എഴുതി. മദ്ധ്യകേരള ബിഷപ്പും, മോഡറേറ്ററുമായി പ്രവർത്തിച്ചിരുന്ന അദ്ദേഹത്തിന് ***(Most Rev.*** തോമസ് കെ. ഉമ്മൻ അവർകൾ)



**Most Rev.
Thomas K. Oomman, Rtd.**

എന്റെ മേൽ ദേഷ്യമുണ്ടായി. അതുകൊണ്ട് ഡോക്ടർ പുഷ്പരാജ് അവർകൾ ഇങ്ങനെ ബിഷപ്പുമാരെ കുറിച്ച് മോശമായി എഴുതുന്നതുകൊണ്ട് എല്ലാ സി.എസ്.ഐ ഡയോസിസുകളിലും ബിഷപ്പമാർക്കുള്ള ബഹുമാനം കുറഞ്ഞുവരികയാണ്. അങ്ങനെ എഴുതുന്നത് അദ്ദേഹത്തിന്റെ ദൈവവേലയ്ക്ക് നല്ലതല്ല. ഏതു സി.എസ്.ഐ ബിഷപ്പുമാർ എന്തു തെറ്റു ചെയ്താലും ബിഷപ്പുമാരെ വിമർശിച്ച് ജാമക്കാരനിൽ ഇനി എഴുതാൻ പാടില്ല എന്ന് പ്രത്യേകമായി വിളിച്ച് ഉപദേശിക്കണം എന്ന് എന്റെ ഡയോസിസായ കോയമ്പത്തൂർ സി.എസ്.ഐ ഡയോസിസ് ബിഷപ്പ് അവർകളെ വിളിച്ച് പ്രത്യേക നിർദ്ദേശം കൊടുത്തു. എന്റെ ബിഷപ്പും എന്നെ അദ്ദേഹത്തിന്റെ വീട്ടിലേക്ക് വിളിച്ച് മോഡറേറ്ററിന്റെ ഈ നിർദ്ദേശം എന്നെ അറിയിച്ചു. ഞാൻ ഒന്നും ബിഷപ്പിനോട് തർക്കിച്ചില്ല.

ഇപ്പോൾ എല്ലാ സി.എസ്.ഐ യ്ക്കും ഒരു പുതിയ മോഡറേറ്ററെ തിരഞ്ഞെടുത്തുകഴിഞ്ഞു. സൗത്ത് കേരള ഡയോസിസിന്റെ ബിഷപ്പ് ***Rt. Rev.*** ധർമ്മരാജ് റസാലം അവർകളെയാണ് പുതിയ മോഡറേറ്ററായി തിരഞ്ഞെടുത്തിരിക്കുന്നത്. ഇദ്ദേഹം ഈ നവീന ഉപദേശത്തന്റെ ഉള്ളിൽ സി.എസ്.ഐ യെ നടത്തികൊണ്ടുപോകുമോ, ഡബ്യ്യു.സി.സി യ്ക്ക് അടിമാകുമോ എതിർക്രിസ്തുവിന്റെ ഉപദേശങ്ങൾക്ക് കീഴടങ്ങുമോ എന്ന് അറിയില്ല. അതുകൊണ്ട് വായനക്കാരായ നാമെല്ലാവരും പഴയ മോഡറേറ്ററുടെ നവീന ഉപദേശം പുതിയ മോഡറേറ്റർ വഴിയായി സി.എസ്.ഐ–ക്കുള്ളിൽ പ്രവേശിക്കാതിരിക്കാൻ അദ്ദേഹത്തിന് വേണ്ടി പ്രാർത്ഥിക്കുന്നത് വളരെ ആവശ്യമാണ്.


**കുറിപ്പ് :** ഞാൻ ഇതുവരെ എഴുതിയ നവീന ഉപദേശങ്ങളെ (മോഡറേറ്റും, ബിഷപ്പുമാരും അറിയിച്ച ആ നവീന ഉപദേശങ്ങളെ) എഴുതിയറിയിച്ചത്

ശരിയാണ് എന്ന് റിട്ടേഡായ വയോധികനായ കൈവിരൽ വിറയൽ ഉള്ള വികാരി അച്ചൻ എനിക്ക് എഴുതിയ കത്ത് ഞാൻ ഇവിടെ പരസ്യപ്പെടുത്തുന്നു.

കർത്താവിൻ പ്രിയ സഹോദരൻ അവർകൾക്ക്,

നിങ്ങൾ ഫെബ്രുവരി 2019 ജാമക്കാരൻ മാസികയിൽ **സി.എസ്.ഐ സഭകൾക്ക്** 'അപകടം' എന്നും **അന്തിക്രിസ്തുവിന്റെ ആളുകൾ സി.എസ്.ഐ സഭയിൽ നുഴഞ്ഞുകയറി** എന്നുമുള്ള ലേഖനങ്ങളെ വായിച്ച് ഞാൻ ഞെട്ടിപോയി. നിങ്ങൾ എഴുതിയതിനെ കുറിച്ച് ഞാനും ചില അഭിപ്രായങ്ങൾ പങ്കിടുവാൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് ദൈവത്തിന്റെ നടത്തിപ്പിൻ പ്രകാരം ഈ കത്ത് നിങ്ങൾക്ക് എഴുതുന്നു.

ആദ്യം അന്തിക്രിസ്തു (എതിർ ക്രിസ്തു) അനേക വർഷങ്ങൾക്കുമുമ്പേ ഡബ്ല്യു.സി.സി-യെ **കൈയടക്കിയതിന്** ശേഷം അന്തിക്രിസ്തു സി.എസ്.ഐ സഭക്കുള്ളിൽ മരണമടഞ്ഞ ***Rt. Rev. Samuel Amritham (Bishop of Trivandrum)*** വഴിയായി ഉള്ളിൽ പ്രവേശിച്ചു എന്ന് നിങ്ങൾ എഴുതിയിരുന്നു. ആ ബിഷപ്പ് ബൈബിൾ കോളേജിൽ പ്രിൻസിപ്പാളായിരിക്കുമ്പോൾ തന്നെ **മതങ്ങൾ** എല്ലാം ഒന്നു, ദൈവങ്ങൾ എല്ലാം ഒന്നു എന്നു പറയാനും എഴുതാനും തുടങ്ങി. ആ സമയത്താണ് നിങ്ങൾ ജാമക്കാരനിൽ ഇതേകുറിച്ച് എഴുതി **ക്രിസ്ത്യാനികളെ** ജാഗ്രതയുള്ളവരായിരിക്കാൻ താക്കീത് നൽകിയത്.



**Rt.Rev.
Samul Amirtham**

അങ്ങനെ സാത്താൻ ബിഷപ്പ് വഴിയായി ചെയ്ത തന്ത്രം **ഫലിക്കാതെ പോയി.** നിങ്ങൾ എഴുതിയത് ഏതു വർഷമാണെന്ന് എനിക്ക് ഓർമ്മയില്ല.

എന്നാലും ബിഷപ്പ് സാമുവൽ അമൃതം തന്റെ അഭിപ്രായത്തെ ***(View Point)*** ന്യായീകരിക്കാൻ ശ്രമിച്ചു. ആ ശ്രമത്തിൽ ഒന്നാണ് അദ്ദേഹം നാഗർകോവിലിലുള്ള ***Home Church*** -ൽ വന്ന് അവിടെയുള്ള

വിശ്വാസികളേയും സഭാനേതാക്കളേയും പ്രസംഗിക്കുന്നവരെയും കൂട്ടിച്ചേർത്ത് നേരിൽ സംസാരിക്കുവാൻ ഏർപ്പാടു ചെയ്തിരുന്നു. ആ കൂട്ടത്തിന് എന്നെ അവർ വിളിച്ചില്ലായിരുന്നു. എന്നാലും കണ്ണമ്മൂല സെമിനാരിയിൽ ഉണ്ടായിരുന്ന എന്റെ അളിയൻ എന്നെ കൂട്ടികൊണ്ടുപോയി.

## ബിഷപ്പ് അവർകൾ പറഞ്ഞ ആദ്യ കുറിപ്പ്

നമുക്ക് എല്ലാവർക്കും **ഒരു ദൈവമല്ലേ? ഏതു മതമായാലും ഒരേ ദൈവം തന്നെയല്ലേ?** എന്ന് അദ്ദേഹം പറഞ്ഞപ്പോൾ അവിടെയുണ്ടായിരുന്ന എല്ലാവരും മൗനമായി സമ്മതിച്ചു.

□ **ഞാൻ മാത്രം** അത് അംഗീകരിക്കാതെ; "തിരുമേനി ഏദെൻ തോട്ടത്തിൽ പറഞ്ഞിട്ടുള്ള സർപ്പത്തിന്റെ അഭിപ്രായത്തെ നോക്കണം: സാത്താൻ പറഞ്ഞത് (ഉല്പത്തി: 3,45) പാമ്പ് സ്ത്രീയെ നോക്കി നിങ്ങൾ **മരിക്കയില്ല, നിശ്ചയം,** അതു തിന്നുന്ന നാളിൽ **നിങ്ങളുടെ കണ്ണ് തുറക്കുകയും**, നിങ്ങൾ നന്മതിന്മകളെ അറിയുന്നവരായി **ദൈവത്തെ പോലെയാകും *(gods-* വിഗ്രഹദൈവങ്ങൾ*)* (തമിഴിൽ ദേവന്മാരെപോലെ)** എന്നു **ദൈവം *(God)* അറിയുന്നു.** പാമ്പിന്റെ ബുദ്ധി; ഒരു ദൈവമല്ല. പല ദൈവങ്ങൾ എന്നുള്ളതാണ്" എന്ന് ഞാൻ ചോദിച്ചത് കേട്ടപ്പോൾ ബിഷപ്പിനോ, മറ്റുള്ളവർക്കോ ഒന്നും പറയാൻ കഴിഞ്ഞില്ല.

□ ഇനി നമ്മുടെ **ദൈവ വചനം** പറയുന്നത് എന്താണെന്ന് നോക്കാം. പുറപ്പാട് പുസ്തകം 20:1–3 ദൈവം സംസാരിച്ച വചനങ്ങളായ (2) അടിമ വീടായ മിസ്രയീം ദേശത്തുനിന്ന് നിന്നെ കൊണ്ടുവന്ന യഹോവയായ **ഞാൻ നിന്റെ ദൈവമാകുന്നു. (3) ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കുണ്ടായിരിക്കരുത്.**

അതുമാത്രമല്ല 1 കൊരി:8:5,6–ൽ ആകാശത്തിലോ ഭൂമിയിലോ **ദേവൻമാർ *(gods)* എന്നു പേരുള്ളവർ** ഉണ്ടെന്നുവരികിലും 6–ാം വാക്യം **പിതാവായ ഏകദൈവമേ *(God)* നമുക്കുള്ളൂ.**

ഇങ്ങനെയിരിക്കേ **ഒരേ ദൈവമെന്ന്** നിങ്ങൾ പറയുന്നതെങ്ങനെയാണ് എന്ന് ചോദിച്ചതിന് ബിഷപ്പിനോ, മറ്റുള്ളവർക്കോ മറുപടിയും ഇല്ല, എതിർപ്പും ഇല്ല.

**ബിഷപ്പവർകളുടെ രണ്ടാമത്തെ കുറിപ്പ്**

എല്ലാവരും **യേശുവേ,** യേശുവേ എന്നു പറഞ്ഞ് **യേശുവോട്** തന്നെ പ്രാർത്ഥിക്കുന്നു. ഇത് ശരിയാണോ എന്ന് ബിഷപ്പ് ചോദിച്ചു.

ഇത് അദ്ദേഹം പറഞ്ഞപ്പോൾ ബിഷപ്പിന്റെ **മനസ്സിലെ തെറ്റായ ഉള്ളിലിരിപ്പ്** എനിക്ക് മനസ്സിലായി. **യേശു ദൈവമല്ല, സാധാരണ മനുഷ്യനാണ്** എന്നു കാണിക്കാനാണ് അദ്ദേഹം അത് ചോദിച്ചത്.

ബിഷപ്പ് തുടർന്ന് എന്താണ് പറയുന്നത് എന്ന് കേൾക്കാൻ അവിടെയുള്ളവർ വാഞ്ചയോടെയിരുന്നു. ഞാൻ പറഞ്ഞതിൽ **എന്താണ് തെറ്റുള്ളത്** എന്ന് ബിഷപ്പിനോട് ഞാൻ ചോദിച്ചു. ബിഷപ്പ് ദേഷ്യത്തോടെ എന്നെ നോക്കിയപ്പോൾ അവിടെയുള്ള പലരും ഇവനെന്തിനാണ് ബിഷപ്പ് പറയുന്നതിനെതിരായി ചോദ്യം ചോദിക്കുന്നതെന്ന് വെറുപ്പോടെ നോക്കി.

ഞാൻ ബിഷപ്പിനോട് (യെശയ്യാ പ്രവചനം 9:6) ചൂണ്ടികാണിച്ചു. **നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്കൊരു മകൻ നല്കപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ തോളിലിരിക്കും. അവന് അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാനപ്രഭു** എന്നു പേർ വിളിക്കപ്പെടും. (ആ ശിശുവാണ് **നിത്യ പിതാവ്, സമാധാനപ്രഭു**) എന്ന് ഞാൻ പറഞ്ഞപ്പോൾ അദ്ദേഹം (ബിഷപ്പ്) സംസാരം നിർത്തി.

പൊതുവേ **എതിർക്രിസ്തു** എന്നു പറഞ്ഞ ഉടനേ എല്ലാവരും വിചാരിക്കുന്നത് അവൻ ചരിത്രത്തിന്റെ അവസാനത്തിൽ തന്നെവരും. **എതിർക്രിസ്തുവിനെ** കുറിച്ച് നമ്മിൽ പലർ ഇങ്ങനെയാണ് ചിന്തിക്കുന്നത്. അത് തീർച്ചയായും സംഭവിക്കുന്ന കാര്യമാണ്. (1 യോഹ:4:3–ൽ) എഴുതിയിരിക്കുന്നതുപോലെ യേശുവിനെ സ്വീകരിക്കാത്ത **യാതൊരാത്മാവും**

ദൈവത്തിൽ നിന്നുള്ളതല്ല. അത് **എതിർക്രിസ്തുവിന്റെ ആത്മാവ്** തന്നെ. അത് വരും എന്ന് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. അത് **ഇപ്പോൾ തന്നെ ലോകത്തിൽ** ഉണ്ട്. എന്ന് യേശുവിന്റെ ശിഷ്യന്മാർ ജീവനോടിരുന്നപ്പോൾ വ്യക്തമായി എഴുതിയിരിക്കുന്നു.

ലോകത്തിൽ ഈ എതിർക്രിസ്തുവിന്റെ ആത്മാവിന്റെ തുടക്കം ഏദെൻതോട്ടം. ഈ എതിർക്രിസ്തുവിന്റെ ആത്മാവ് ഉൾപ്രവേശിച്ച ആദ്യത്തെ ഹൃദയങ്ങൾ ആദാമും ഹൗവ്വയും. ഇപ്പോൾ അത് എല്ലാ ഹൃദയങ്ങളിലും **ക്രിയ ചെയ്യുന്നുണ്ട്.** നമ്മുടെ ഓരോരുത്തരുടേയും **സ്വന്ത ഇച്ഛകൊണ്ട് ആ ആത്മാവിനെ** സ്വീകരിക്കാനും കഴിയും, അല്ലെങ്കിൽ **ക്രിസ്തുവിന്റെ ക്രൂശുമുഖാന്തരവും, പരിശുദ്ധാത്മാവിന്റെ** നിറവുകൊണ്ടും **ആ ആത്മാവിനോട് എതിർത്ത് പോരാടി യേശുവിന്റെ നാമത്തിൽ നാം ജയം പ്രാപിച്ച്** ദൈവത്തിന് വേണ്ടി ജീവിക്കാനും സാധിക്കും. ഈ **ദുഃഷ്ട ആത്മാവാണ്** സി.എസ്.ഐ സഭയിൽ കടന്ന് സി.എസ്.ഐ യിലുള്ള പലരുടേയും രഹസ്യ ജീവിതത്തിൽ പ്രവർത്തിക്കുന്നത്.

നിങ്ങളുടെ മാർച്ച് മാസ ജാമക്കാരനിലും, ടി.വിയിലും, ദിനപത്രങ്ങളിലുമുള്ള വാർത്തകൾ കാണുമ്പോൾ **ലോകാവസാനത്തോട് സമീപിച്ചിരിക്കുന്നു എന്ന പേടി** ക്രിസ്തീയ സഭകളിൽ കാണുന്നില്ല. കഴിഞ്ഞ മാസം **സി.എസ്.ഐ സഭയിൽ "നുഴഞ്ഞുകയറാൻ പോകുന്ന അപകടം"** എന്ന തലക്കെട്ടിൽ **സി.എസ്.ഐ മുൻ മോഡറേറ്റർ എഴുതിയ നവീന ഉപദേശ അറിയിപ്പുകളെ** സി.എസ്.ഐ സഭകൾ ഒരു പ്രശ്നമായി എടുത്തില്ല എന്നു തോന്നുന്നു എന്ന് വേദനയോടെ നിങ്ങൾ എഴുതിയിരുന്നു.

ക്രിസ്ത്യാനികളിൽ അനേകർ തങ്ങളുടെ **രഹസ്യജീവിതത്തിൽ** എങ്ങനെ **എതിർക്രിസ്തുവിനെ** സ്വീകരിച്ചിട്ടുണ്ടെന്ന് നാം അറിയുകയാണെങ്കിൽ അതിന്റെ കാരണം മനസിലാക്കാൻ കഴിയും (2 കൊരി:11:3,4) എന്നാൽ **സർപ്പം** ഉപായത്താൽ **ഹൗവ്വയെ ചതിച്ചതുപോലെ** നിങ്ങളുടെ മനസ്സ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും, നിർമ്മലതയും **വിട്ട്**

**വഷളായി പോകുമോ** എന്ന് ഞാൻ ഭയപ്പെടുന്നു. (4) എങ്ങനെ എന്നാൽ **ഒരുത്തൻ വന്ന് ഞങ്ങൾ** പ്രസംഗിക്കാത്ത **മറ്റൊരു യേശുവിനെ പ്രസംഗിക്കുകയോ,** നിങ്ങൾ ലഭിക്കാത്ത **വേറൊരു ആത്മാവെങ്കിലും, നിങ്ങൾ കൈക്കൊള്ളാത്ത വേറൊരു സുവിശേഷമെങ്കിലും ലഭിക്കുകയോ ചെയ്യുമ്പോൾ നിങ്ങൾ പൊറുക്കുന്നത് ആശ്ചര്യം.**

എതിർക്രിസ്തുവിന്റെ **വേറൊരു യേശു - വേറൊരു ആത്മാവ് - വേറൊരു സുവിശേഷം** ഇത് സ്വീകരിക്കുന്ന വിശ്വാസികൾ. ഇത് എന്ത് കൊണ്ട് ഇങ്ങനെ സംഭവിക്കുന്നു? എന്റെ അഭിപ്രായത്തെ എഴുതി നിങ്ങൾക്ക് ഞാൻ സമർപ്പിക്കുന്നു.

വേദപുസ്തകത്തെ സ്വന്ത ബുദ്ധിക്കനുസരിച്ച് മാത്രം വായിക്കുകയും, തന്റെ രഹസ്യ ജീവിതത്തിന് വേണ്ടിയുള്ള കാര്യങ്ങളെ പരിശുദ്ധാത്മാവിന്റെ സഹായമില്ലാതെ വചനത്തിൽ നിന്നും എടുക്കാൻ ശ്രമിക്കുകയും ചെയ്യുന്നതാണ് കാരണം. (യോഹ : 6:45) എല്ലാവരും ദൈവത്താൽ ഉപദേശിക്കപ്പെട്ടവർ ആകും... ആകയാൽ **പിതാവിനോട് കേട്ട് പഠിച്ചവർ എല്ലാം എന്റെ അടുക്കലേക്ക് വരുന്നു.** പല വിശ്വാസികൾ വേദപുസ്തകത്തെ തന്റെ സ്വന്തബുദ്ധികൊണ്ട് മാത്രം സ്വീകരിച്ചു ദൈവത്തെ തന്റെ രഹസ്യജീവിത ജീവിതത്തിൽ അനുഭവിച്ചറിയുന്നില്ല. (ലൂക്കോസ് : 24:25) എമ്മാവൂസിന് പോയ രണ്ടുപേരും ശിഷ്യൻമാർ, അവർ യേശുവിനെ കുറിച്ചാണ് സംസാരിച്ചുകൊണ്ട് പോയത്. എങ്കിലും യേശു ശിഷ്യന്മാരെ ശാസിച്ചുകൊണ്ട് സംസാരിച്ച വിഷയങ്ങളെ നമ്മുടെ രഹസ്യ ജീവിതത്തിൽ നാം എടുക്കുകയാണെങ്കിൽ അത് ഭയത്തെയുണ്ടാക്കും. *Vs 25* **അയ്യോ; ബുദ്ധിഹീനരെ** പ്രവാചകൻമാർ പറയുന്നതെല്ലാം വിശ്വസിക്കാത്ത **മന്ദബുദ്ധികളെ;** *Vs 27* മോശെ തുടങ്ങി സകല പ്രവാചകന്മാരിൽ നിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെ കുറിച്ചുള്ളത് അവർക്ക് വ്യാഖ്യാനിച്ചുകൊടുത്തു. (മത്താ: 11:28-30) - അദ്ധ്വാനിക്കുന്നവരും, ഭാരം ചുമക്കുന്നവരും ആയുള്ളോരെ, **എല്ലാവരും എന്റെ അടുക്കൽ വരുവിൻ** ഞാൻ **നിങ്ങളെ ആശ്വസിപ്പിക്കും.** ഈ പ്രവചനത്തെ എല്ലാ വിശ്വാസികളും തെറ്റാതെ സ്വീകരിക്കുന്നു. എന്തു പ്രശ്നം വന്നാലും ദൈവത്തിന്റെ അടുക്കൽ കൊണ്ടുചെല്ലുന്നു.

എന്നാൽ അതിനടുത്തുള്ള വചനത്തെ ജീവിതത്തിൽ വിശ്വാസികൾ സ്വീകരിച്ചിട്ടുണ്ടോ എന്നത് ചോദ്യചിഹ്നമാണ്. 29: **എന്റെ നുകം ഏറ്റുകൊണ്ട്** എന്നോട് പഠിപ്പിൻ എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും.

മത്തായി : 13:18–23, ഇത് **വിതയ്ക്കുന്നവനെ**കുറിച്ചുള്ള ഉപമ നമ്മുടെ രക്ഷകനായ യേശുക്രിസ്തു ശിഷ്യൻമാരെ പഠിപ്പിച്ചതാണ്. ഈ നാലുതരത്തിലുള്ള നിലങ്ങൾ എല്ലാ സഭകളിലും, എല്ലാ കുടുംബങ്ങളിലും വ്യക്തിപരമായ ഓരോരുത്തരുടെ ജീവിതത്തിലും കാണാൻ കഴിയും. നമ്മുടെ ഹൃദയത്തിലും, ജീവിതത്തിലും ഇവയുണ്ട്. ഓരോ ദിവസവും ദൈവത്തിന്റെ പ്രസാദം കൊണ്ടും, പരിശുദ്ധാത്മാവാലും, യേശുക്രിസ്തുവിന്റെ രക്തത്താലും നമ്മുടെ ജീവിതത്തെ ഉഴുതുകൊള്ളുമ്പോൾ മുഴുവനായും യേശുവിന് നല്ല നിലമായി അവന്റെ കൃപകൊണ്ട് രൂപാന്തരപ്പെടും.

ജാമക്കാരൻ വായനക്കാരുടെ ഇടയിലും ഇങ്ങനെയുള്ള നാലു നിലങ്ങളുണ്ട് (വാക്യം 19 വഴിയരികെ വിതയ്ക്കപ്പെട്ട് വിത്ത് :– കേട്ട് അനുഭവിക്കാതിരിക്കുമ്പോൾ പിശാച് (ദുഷ്ടൻ) വിതച്ച വിത്ത് എടുത്തുകൊണ്ട് പോകുന്നു. പാറസ്ഥലം വേരില്ലാത്തതിനാൽ; സ്വയം വിത്ത് വളരാൻ സമ്മതിച്ചില്ല, സ്വയം എവിടെ വളരുന്നോ അവിടെ ജീവവിത്തിന് വളരാൻ കഴികയില്ല (വാക്യം 22) മുള്ളിനിടയിൽ വിതയ്ക്കപ്പെട്ടത്:– ലോക ചിന്തയും, ധനത്തിന്റെ വഞ്ചനയും വചനത്തെ ഞെരുക്കി നിഷ്ഫലമാക്കുന്നു.

എന്നാലും വിശാലമായ ലോകത്തിൽ എല്ലാ ഹൃദയങ്ങളിലും ജീവ വിത്തിനെ വിതയ്ക്കുന്ന മനുഷ്യപുത്രൻ (സങ്കീ :19, റോമ:17:20) മത്താ : 13:37) തനിക്കായി ഇതുമൂലം ഒരുകൂട്ടം ജനത്തെ ഒരുക്കുന്നു. അതാണ് നല്ല നിലം വാക്യം 23. നല്ല നിലത്തിൽ വിതയ്ക്കപ്പെട്ടതോ ഒരുത്തൻ വചനം കേട്ട് ഗ്രഹിക്കുന്നത് ആകുന്നു. അതു വിളഞ്ഞ് നൂറും അറുപതും മുപ്പതും മേനി ഫലം തരുന്ന നിലമായി മാറുന്നു. ഈ തരത്തിലുള്ള നിലമായവരാണ് ദൈവം നിങ്ങൾക്കു കൊടുത്ത കൃഷിനിലം (വിളവു കൊടുക്കുന്ന) ***(Your Target Audience).*** മറ്റു മൂന്നു നിലങ്ങളിൽ ഉള്ളവർ. നിങ്ങളെ കൊണ്ട്

വിതയ്ക്കപ്പെടുന്ന ജീവ വിത്തുകൾ. മാനസാന്തരത്തിന് വേണ്ടി ആ മൂന്നു നിലങ്ങളും യേശുവിന് നല്ല നിലമായി രൂപാന്തരപ്പെടാൻ വേണ്ടിയുള്ള വിത്തുകളാണ്.

നിങ്ങൾക്ക് ദൈവം തന്ന ഈ ജാമക്കാരൻ ദൈവവേലയിൽ നിങ്ങൾ ഒരു തരത്തിലും ക്ഷീണിച്ചു പോകരുത് എന്ന ഉദ്ദേശത്തിലാണ് ഈ കത്ത് എഴുതാൻ ദൈവം എന്നെ പ്രേരിപ്പിച്ചത്.

റോമ: 2:23 അകമേ യഹൂദനായവനത്രെ യഹൂദൻ: അകമേ യേശുക്രിസ്തുവിന്റെ ശിഷ്യനായിരിക്കുന്നവനാണ് യഥാർത്ഥ ക്രിസ്ത്യാനി ആത്മാവിലുള്ള ഹൃദയപരിച്ഛേതനയത്രെ പരിച്ഛേദന. (ആത്മാവിനാൽ ഹൃദയത്തിലുണ്ടാകുന്ന വീണ്ടും ജനനം, ദൈവത്താലുണ്ടാകുന്ന സ്നാനം, തിരുവത്താഴം, ദിവസംതോറും ദൈവത്താൽ ഹൃദയത്തിൽ ഉണ്ടാകുന്ന പരിശുദ്ധാത്മാഭിഷേകം) അവന് മനുഷ്യനാനല്ല ദൈവത്താൽ തന്നെ പുകഴ്ചയുണ്ടാകും.

□ **ജാമക്കാരൻ**

ഈ കത്ത് എന്നെ വളരെ ബലപ്പെടുത്തി. അനേക ബിഷപ്പുമാരുടെ വെറുപ്പുകളുടേയും, എതിർപ്പുകളുടേയും ഇടയിൽ എന്നെക്കാൾ 15 വയസ് (95) കൂടുതലായ അനുഭാവമുള്ള അച്ചനെകൊണ്ട് പരിശുദ്ധാത്മാവ് എന്നെ ആശ്വസിപ്പിക്കാൻ എഴുതിയതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. എഴുതിയ അച്ചന് ഞാൻ നന്ദി പറയുന്നു. അച്ചൻ സന്ദർശിച്ച ബിഷപ്പ് സാമുവൽ അമൃതം അവർകളുടെ ആശയവും, മുൻ മോഡറേറ്റർ തോമസ് അവർകളുടെ ആശയവും ഒന്നായിരിക്കുന്നത് അറിയാൻ കഴിഞ്ഞു. മുൻ മോഡറേറ്റർ അവർകളും അച്ചൻമാരും, എന്നെ വെറുക്കുന്ന വിശ്വാസികളും ചിന്തിച്ചു നോക്കുവിൻ **മുൻ മോഡറേറ്ററെ അപമാനപ്പെടുത്താനോ, അല്ലെങ്കിൽ വേറെ എതു ബിഷപ്പിനെയും അപമാനപ്പെടുത്തുന്ന ഉദ്ദേശത്തോടെ ജാമക്കാരനിൽ ഇതുവരെ ഞാൻ ഒന്നും എഴുതിയിട്ടില്ല എന്നുള്ളത് നിങ്ങൾ അറിയണം.**


## എതിർ ക്രിസ്തുവിൻ നവീന ഉപദേശം

## സി.എസ്.ഐ സഭയിൽ ആദ്യമായി നുഴയാൻ ശ്രമിച്ച ദിവസം

1) സ്ഥലം :- തിരുനെൽവേലി (സിനാഡ് കൂട്ടങ്ങൾ വർഷത്തിൽ ഓരോ ഡയോസിസിലും ഓരോ സ്ഥലത്ത് വച്ച് നടത്തും. അവിടെ 24 ഡയോസിസിലുള്ള ബിഷപ്പുമാരും, അച്ചൻമാരും, *DC* മെമ്പർമാരും പങ്കെടുക്കുന്നു.)

ദിവസം:- 1992 ജനുവരി 11 – 15

ഈ സിനാഡ് യോഗത്തിൽ ബിഷപ്പുമാർ പ്രാർത്ഥിച്ചതിന്റെ ഉള്ളടക്കം




ഇതാണ്.(ഇംഗ്ലീഷിൽ നിന്ന് തർജ്ജമ ചെയ്യപ്പെട്ടത്)

ഞങ്ങളുടെ ദൈവമേ
നിന്റെ മനസ്സലിവിനെ യേശുവിൽ കാണുന്നു.
നീയെ ശിവനായിരുന്നു ദയയുള്ളവനായിരിക്കുന്നു.
നീയെ അള്ളാഹുവായി കരുണയുള്ളവനായിരിക്കുന്നു.
നീയെ ബുദ്ധൻമാർ ആരാധിക്കുന്ന മനസലിവുള്ള ബുദ്ധനായിരിക്കുന്നു.
താമര പൂവിനെ കൈയിലേന്തി നിന്നെ ചുറ്റിവന്നു നിന്നെ ആരാധിക്കുന്നു.

ഇങ്ങനെ യോഗത്തിന് വന്നവരെല്ലാവരും സ്തുതിച്ച ഉടനെ അവിടെ ഉണ്ടായിരുന്ന ബിഷപ്പുമാരും ആമേൻ എന്നു പറഞ്ഞു. ആമേൻ എന്നതിന് അങ്ങനെ തന്നെ ആകട്ടെ എന്നർത്ഥം.

**യേശുവേ നീയാണ് അള്ളാഹു, നീയാണ് ശിവൻ, നീയാണ് ബുദ്ധൻ, നിന്നെ താമരപൂക്കളാൽ മൂന്നു പ്രാവശ്യം ചുറ്റിവന്ന് നമസ്കരിച്ചാരാധിക്കുന്നു** എന്ന് പറയുന്ന ഈ വിഷയത്തിൽ നിന്നും എതിർക്രിസ്തുവിന്റെ ആളുകളെ നമുക്ക് തിരിച്ചറിയാൻ കഴിയും. ഇത് എത്ര വലിയ ദൈവദൂഷണം.

അതേ ആരാധനക്രമത്തെ എല്ലാ സി.എസ്.ഐ സഭയുടെ ആരാധനാ പുസ്തകത്തിലും ചേർത്ത് സി.എസ്.ഐ സഭാജനത്തെ ആരാധിപ്പിക്കാൻ എതിർക്രിസ്തു എടുത്ത ശ്രമത്തെ ഈ ജാമക്കാരനെകൊണ്ട് മാത്രമാണ് തോല്പിക്കാനും തടയാനും കഴിഞ്ഞത്.


**2) എതിർക്രിസ്തുവിന്റെ വേലക്കാരുടെ 2-മത്തെ ശ്രമം**

സ്ഥലം: സിനാഡ് സെന്റർ, ചെന്നൈ

ദിവസം : 2017 ഏപ്രിൽ 22

തലക്കെട്ട് : ***Earth bible***

***Church of South India***
***Department of Ecological concerns***




**3) എതിർക്രിസ്തുവിന്റെ ആളുകളുടെ മൂന്നാമത്തെ ശ്രമം**

സ്ഥലം : സിന്നാഡ് സെന്റർ, ചെന്നൈ

ദിവസം : 2017 ഏപ്രിൽ 22

തലക്കെട്ട് : ***Earth Day***




**4) എതിർക്രിസ്തുവിന്റെ ആളുകളുടെ 4-ാമത്തെ ശ്രമം**

സ്ഥലം : ഓതറ ***(Eden Eco - Spirituality centre)***

ദിവസം : 2017 സെപ്റ്റംബർ 1-ാം തീയതി

**5) എതിർക്രിസ്തുവിന്റെ ആളുകളുടെ 5-ാമത്തെ ശ്രമം**

സ്ഥലം : കൊടൈക്കനാൽ (തമിഴ്നാട്)

ദിവസം : 2018 മാർച്ച് 7-ാം തീയതി

പരസ്യം ചെയ്തവർ : ***Most Rev.*** തോമസ് ഉമ്മൻ

റിപ്പോർട്ടിന്റെ തലക്കെട്ട് : ലന്ത്കാലത്തുള്ള ധ്യാനവാർത്തകൾ



**Most Rev. Thomas K. Oomman,**

**1) പരിസ്ഥിതി സംരക്ഷണത്തിന്റെ കല്പനകൾ *(Green convenant)***

ഭൂമി ജീവനുള്ളത് ഭൂമിയുടെ ഉള്ളിലും ദൈവം ഉണ്ട്

**2) ലിംഗ സമത്വം**

***Gender Equality, Gender Equality beginning with the church***

***The Journey continues....***

ജാമക്കാരൻ : പ്രിയമുള്ളവരെ ഞാൻ എഴുതിയ ഈ വിഷയത്തെ തന്നെ വീണ്ടും, വീണ്ടും എഴുതുന്നല്ലോ എന്നു ചിന്തിക്കേണ്ട. ഇതുവരെ സി.എസ്.ഐ സഭകൾക്ക് നന്മമാത്രമാണ് ഞാൻ ചെയ്തുവന്നത്. സി.എസ്.ഐ സഭകൾ എങ്ങനെയെങ്കിലും രക്ഷിക്കപ്പെടണം, വചനത്തിൽ വളരണം എന്നതിനെ കുറിച്ചുമാത്രമാണ് സി.എസ്.ഐയുടെ 24 ഡയോസിസുകളിലും ഞാൻ പ്രസംഗിച്ചുവന്നത്. വചനത്തിന് വിരോധമായി വേറെ ഒന്നിനെകുറിച്ചും ഞാൻ ഇതുവരെ പ്രസംഗിച്ചിട്ടില്ല. മേലെ പറഞ്ഞിട്ടുള്ള **മോഡറേറ്ററെഴുതിയ വചനത്തിന് വിരോധമായുള്ള നവീന ഉപദേശം** ഇതുവരെ ഞങ്ങളുടെ ഡയോസിസുകളിൽ വന്നിട്ടില്ല എന്നു ചിലർ കരുതുന്നു. എന്നാൽ മൊത്തം 4 ഡയോസിസുകളിൽ **മൂന്നാമത്തെ ലിംഗക്കാരെ സഭാഭാരവാഹികളാക്കാനായും, പ്രകൃതി ബൈബിൾ *(Earth Bible)* ഉപദേശത്തെ നടപ്പിലാക്കാനും** ആ നാലു ഡയോസിസിൽ അറിയിപ്പ് പരസ്യപ്പെടുത്തി അത് നിറവേറ്റാനുള്ള ഏർപ്പാടുകൾ ചെയ്തുകഴിഞ്ഞു. എന്നാൽ **മദ്ധ്യകേരള ഡയോസിസ്** പോലുള്ള ചില ഡയോസിസുകളിൽ മാത്രം **മോഡറേറ്ററുടെ നവീന ഉപദേശം** ഞങ്ങളെ **ബാധിച്ചിട്ടില്ലല്ലോ** എന്നു ചിന്തിച്ചുകൊണ്ടിരിക്കയാണ്. വേദപുസ്തകത്തിൽ എസ്തറിന്റെ അടുത്ത് മോർദഖായി പറഞ്ഞതുപോലെ എതിർക്രിസ്തു ഞങ്ങളുടെ അടുത്ത് **പ്രവർത്തിക്കുന്നില്ലെന്ന് ചിന്തിക്കേണ്ട.** മറ്റുള്ള സ്ഥലങ്ങളിൽ പ്രവർത്തിച്ച് കുടുംബമായി പലർ എതിർക്രിസ്തു **വെട്ടിയ കുഴിയിൽ വീണുകൊണ്ടിരിക്കുമ്പോൾ നീമാത്രം രക്ഷപ്പെടുമെന്ന് നിന്റെ മനസിൽ**

**ചിന്തിക്കേണ്ട. നിങ്ങളും അവൻ വെട്ടിയ നവീന ഉപദേശകുഴിയിൽ വീഴുമ്പോൾ നിങ്ങൾക്ക് ബോധം വരും.** ഡോക്ടർ പുഷ്പരാജ് അവർകളെ **അധികാരം കൊണ്ട് മാറ്റി നിർത്താം.** എന്നാൽ സി.എസ്.ഐ സഭകൾക്ക് രക്ഷ **വേറൊരു സ്ഥലത്ത് നിന്നും ഉണ്ടാകും.** അപ്പോൾ നിങ്ങളും എതിർക്രിസ്തുവിന്റെ ഉപദേശത്തിന് കീഴടങ്ങും, **നിങ്ങളുടെ കുടുംബവും അവൻ ഉണ്ടാക്കിയ ഉപദേശ കുഴപ്പത്തിൽ വീഴും. അപ്പോൾ നിങ്ങളെ ഉപദേശിക്കാനും, വിടുവിക്കാനും ആരും ഉണ്ടാവില്ല.** (എസ്തേർ 4:13,14) ഡോക്ടർ പുഷ്പരാജായ എന്നെകൊണ്ട് ദൈവം കഴിഞ്ഞ 52 വർഷങ്ങളായി **നടത്തിയ മുന്നറിയിപ്പിന്റെ ദൈവവേലയും, അറിയിക്കുന്ന വേലയും കഴിഞ്ഞു.** എന്നാൽ **എന്റെ ജീവനുള്ള കാലം** എന്റെ ജാമക്കാരൻ വഴിയായി ദൈവം അറിയിച്ചുകൊണ്ടേയിരിക്കും. **ചെവിയുള്ളവൻ കേൾക്കട്ടെ!** നിങ്ങൾക്കെല്ലാവർക്കും വേണ്ടി ഞാൻ തുടർന്ന് പ്രാർത്ഥിക്കുന്നു. എന്നെ മനസിലാക്കികൊണ്ട് **എനിക്കായി പ്രാർത്ഥിക്കുന്നവർ, സഹായിക്കുന്നവർ, അച്ചൻമാർ, ബിഷപ്പുമാർ, വിശ്വാസികൾ** എല്ലാവരേയും ദൈവം അനുഗ്രഹിക്കട്ടെ!

---

# ദൈവം പ്രേരിപ്പിച്ച കുടുംബങ്ങൾ

കഴിഞ്ഞ 56 വർഷങ്ങളായി മലകളിൽ താമസിക്കുന്ന **ആദിവാസികളുടെ ഇടയിൽ** ഞാൻ ചെയ്യുന്ന ദൈവ വേലയ്ക്കായും ജാമക്കാരൻ (കാവൽക്കാരൻ) **മാസികാ** ശുശ്രൂഷകൾക്കായും ദൈവത്തിന് നന്ദി പറയുന്നു. ഇന്ത്യ മുഴുവനും ഉള്ള **(കാശ്മീർ തൊട്ട് കന്യാകുമാരി** വരെയുള്ള) കുടുംബങ്ങൾക്കു വേണ്ടിയും ദൈവത്തെ സ്തുതിക്കുന്നു. (മാർത്തോമ, ഇവാഞ്ചലിക്കൽ, ചർച്ച് ഇൻ ഇന്ത്യ, സി.എസ്.ഐ, സി.എൻ.ഐ മെതഡിസ്റ്റ്, ഇ.സി.ഐ, ലൂഥറൻ, (***TELC, ALC***) സഭകൾ ***Advents churches, Baptist churches (SBM BM)*** പെന്തക്കോസ്തു സഭകൾ ***CPM IPC, AG, Church of God in India, Salvation Army*** ഇതേ സഭകളിൽ ചേർന്ന വിദേശരാജ്യങ്ങളിലുള്ള ജാമക്കാരൻ

വായനക്കാർ, മലയാളികൾ – തമിഴർ എന്ന പല കുടുംബങ്ങൾ ഈ നിമിഷം വരെ പ്രാർത്ഥനയാലും ധനസഹായത്തിലും മുകളിൽ കാണിച്ചിട്ടുള്ള ദൈവ വേലകളെ തുടർന്ന് സഹായിച്ചു വരുന്നതുകൊണ്ട് ഇന്ന് വരെ കടം ഇല്ലാതെ നടത്തിക്കൊണ്ടു വരുന്നു. അതുപോലെ ഒരു കുറവും ഇല്ലാതെ ഞാനും എന്റെ ഭാര്യയും പൂർണ്ണ സുഖത്തോടും ആരോഗ്യത്തോടും കൂടെ ജീവിച്ചുവരുന്നു.

**ഇത് ദൈവത്താൽ സംഭവിച്ചു**

ഇന്നുവരെ പണം ആവശ്യം എന്നു ആരോടും ചോദിച്ചിട്ടില്ല. ജാമക്കാരൻ മാസിക മുഖാന്തരമോ, രഹസ്യമായിട്ടോ പോലും എന്റെ ആവശ്യങ്ങളെ അറിയിച്ചിട്ടില്ല. ഇതുവരെ മാസികയിലും എഴുതിയിട്ടില്ല.

**എന്റെ ദൈവവേലയുടെ വിജയത്തിന്റെ രഹസ്യം**

എന്റെ ദൈവ വേലയിൽ ആവശ്യങ്ങൾ എന്തായാലും എന്നെ ശുശ്രൂഷയിൽ വഴിനടത്തുന്ന എന്റെ ദൈവം എനിയ്ക്കായി പ്രാർത്ഥിക്കുന്ന എന്റെ വായനക്കാരുടെ ഹൃദയത്തിൽ പ്രേരിപ്പിക്കും. ഉടൻ തന്നെ അവർ സ്തോത്രകാഴ്ചകളും, പണവും എനിക്കയക്കുന്നു. എനിക്ക് പണത്തിന്റെ ആവശ്യം കൂടുമ്പോൾ എങ്ങനെയാണ് വായനക്കാർക്കു മനസിലാകുന്നതെന്നറിയില്ല സാധാരണ അയക്കുന്നതിനെക്കാൾ കൂടുതൽ പണം എനിക്ക് അയച്ച് സഹായിക്കുന്നു. ഇതാണ് കുറവില്ലാത്ത എന്റെ ദൈവവേലയുടെ രഹസ്യം

കഴിഞ്ഞ 45 വർഷങ്ങളായി ഒരു പാവപ്പെട്ട കുടുംബം ഒരേ മാസവും 20 രൂപ വച്ച് മണിയോർഡർ അയച്ചുകൊണ്ടിരിക്കുന്നു. ആ 20 രൂപയ്ക്ക് മണിയോർഡർ കമ്മീഷൻ എത്രയാണെന്ന് എനിക്കറിയില്ല. ആ 20 രൂപ കൈയിൽ കിട്ടിയ ഉടനെ നന്ദിയോടെ ദൈവത്തെ സ്തുതിക്കും. പല സമയങ്ങളിൽ ഞാൻ തന്നെ എന്റെ കൈകൊണ്ട് നന്ദി പറഞ്ഞ് രസീത് അയക്കും. അവർ എനിക്കെഴുതിയ മറുപടിയിൽ പല വർഷങ്ങളായി നിങ്ങളുടെ മാസിക കൊണ്ട് അനേക വേദസത്യങ്ങളെ വായിച്ച്

അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. ഇത്ര വർഷങ്ങളായി **സബ്സ്ക്രിപ്ഷനായിട്ടോ** പണത്തിന് ആവശ്യമുണ്ടെന്ന് പറഞ്ഞോ മാസികയിൽ ഒരു വാക്കുപോലും എഴുതിയിട്ടില്ല. എന്റെ ഭർത്താവിന് എഴുന്നേൽക്കാൻ കഴിയാതെ കിടപ്പിലാണ്. ഞാൻ കൂലിപ്പണിക്കുപോയാണ് ജീവിക്കുന്നത്. ഞങ്ങൾ രണ്ടുപേരും ചേർന്ന് തീരുമാനിച്ച് പ്രാർത്ഥിച്ച് 20 രൂപ അയച്ചാൽ അത് ഡോക്ടർ തെറ്റായി ചിന്തിക്കുകയില്ല. 20 രൂപ അയക്കുന്നതുകൊണ്ട് ദൈവത്തെ ഞങ്ങൾ അപമാനിക്കുന്നില്ല എന്ന് ദൈവം അറിയുന്നു എന്ന് അവർ എനിക്ക് കത്തെഴുതി അറിയിച്ചു. "പലതുള്ളി പെരുവെള്ളം" ഇങ്ങനെ ചെറിയ തുകയായും വലിയ തുകയായും മാസാമാസമോ അല്ലെങ്കിൽ 2 മാസത്തിൽ ഒരിക്കലോ ദൈവത്താൽ പ്രേരിപ്പിക്കപ്പെട്ടു പണങ്ങൾ എനിക്ക് വന്ന് ചേരുന്നു. ഈ അത്ഭുതമായ ദൈവത്തിന്റെ നടത്തിപ്പ് വേറെ ഒരു ശുശ്രൂഷകനും കിട്ടാത്ത ഭാഗ്യമാണ്. അതുകൊണ്ട് എന്റെ വായനക്കാരെ ഓർത്ത് ഞാൻ അഭിമാനിക്കുന്നു. ദൈവത്തിന് ഞാൻ എപ്പോഴും നന്ദിയുള്ളവനായിരിക്കും. ●

## ONLINE BANKING (NEFT)

**Dr. M.G.E. PUSHPARAJ**, **SALEM - 636 005. INDIA**

**STATE BANK OF INDIA** (SALEM-1970)

**A/C No: 10764116842** SWIFT CODE - SBININBB637- 10764116842

IFSC CODE - IFSC SBIN0001970 -10764116842

**CANARA BANK - SALEM** (SURAMANGALAM BRANCH)

**A/C No: 1219101013622.** SWIFT CODE - CNRB0001219 -1219101013622.

IFSC CODE - IFSC CNRB0001219- 1219101013622.

## സി.എസ്.ഐ-യുടെ പുതിയ മോഡറേറ്റർ അവർകൾക്ക് അഭിനന്ദനങ്ങൾ



ദക്ഷിണ കേരള ഡയോസിസ് സി.എസ്.ഐ ബിഷപ്പ് ***Rt. Rev. A*** ധർമ്മരാജ് റസലം അവർകൾ 2020-ാം വർഷം ജനുവരി മാസം, 24 സി.എസ്.ഐ ഡയോസിസുകളുടെ പ്രധാന ആസ്ഥാന പദവിയായ മോഡറേറ്ററായി തിരഞ്ഞെടുക്കപ്പെട്ടിരുന്നു. **മോഡറേറ്റർ *Most Rev.*** ധർമ്മരാജ് റസലം അവർകളെ ജാമക്കാരൻ വായനക്കാരുടെ പേരിലും, എന്റെ വ്യക്തിപരമായ പേരിലും അഭിനന്ദനങ്ങൾ അറിയിക്കുന്നു.

മോഡറേറ്റർ അവർകൾ ആന്ധ്ര സംസ്ഥാനത്തിൽ എട്ടൂർ നഗരം എന്ന ചെറിയ ഗ്രാമത്തിൽ മിഷനറിയായി ദൈവവേല തുടങ്ങിയപ്പോൾതന്നെ എനിക്ക് അദ്ദേഹത്തെ അറിയാം. മോഡറേറ്റർ അവർകൾ ബിഷപ്പായി ജോലി ചെയ്തുകൊണ്ടിരിക്കുമ്പോൾ പല വിഷയങ്ങളിൽ അദ്ദേഹത്തെപറ്റി ഞാൻ ജാമക്കാരനിൽ കഠിനമായി വിമർശിച്ചിട്ടുണ്ട്. എന്നാലും ആ വിമർശനത്തെ കണക്കിലെടുക്കാതെ എന്റെ പ്രസംഗം കൊണ്ട് സി.എസ്.ഐ സഭകൾക്ക് വലിയ പ്രയോജനം ഉണ്ട് എന്നതിനാലും ആദ്യകാലം മുതൽ എന്റെ മേലുള്ള വ്യക്തിപരമായ സ്നേഹം കാരണമായും ബിഷപ്പ് അവർകളുടെ ഡയോസിസിൽ ഞാൻ പ്രസംഗിക്കുന്ന എല്ലാ കൺവൻഷനുകളിലും നേതൃത്വം വഹിച്ചത് മൂലം എന്നോട് വെറുപ്പുകാണിക്കാത്ത ഒരേ ഒരു ബിഷപ്പ് ***Rt. Rev. A*** ധർമ്മരാജ് റസലം അവർകൾ ആണ് എന്നത് അഭിമാനത്തോടെ അറിയിക്കുന്നു.

കർത്താവുതന്നെ സി.എസ്.ഐയുടെ 24 ഡയോസിസുകളേയും, ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ വചനത്തിന്റെ വെളിച്ചത്തിൽ വഴിനടത്തുമാറാകട്ടെ.

**MARCH - 2020**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription :**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.